

SUNNAH CLUB

# ഹഖ് ജാഹ് കൊണ്ടുള്ള തവസ്സുൽ

അബൂയാസീൻ അഹ്സനി ചെറുശ്ശോല

SUNNAH CLUB
sunnahclub.in

# ഹഖ് കൊണ്ടുള്ള തവസ്സുൽ

## അബൂ ഹനീഫ ഇമാമിന്റെ നിലപാട്

അബൂ യാസീൻ അഹ്സനി ചെറുശ്ശോല

SUNNAH CLUB

Click to follow us:

Sunnahclub.in

ഉള്ളടക്കം

1. തവസ്സുലിന്റെ ചരിത്രവും പ്രമാണവും
2. ഇമാം അബൂഹനീഫ(റ) എതിർക്കുമോ!?
3. ഹനഫീ പണ്ഡിതർ വിശദീകരിക്കുന്നു.
4. ഇമാം അബൂ ഹനീഫ(റ) തവസ്സുൽ ചെയ്യുന്നു
5. നബി(സ)യും സ്വഹാബത്തും തേടുന്നു

# തവസ്സുലിന്റെ ചരിത്രവും പ്രമാണവും

മഹാനായ തിരുനബി(സ്വ)യെ കൊണ്ടും മറ്റു അമ്പിയാ, ഔലിയാ, സ്വാലിഹുകളെ കൊണ്ടും തവസ്സുൽ ചെയ്യലും ആ മഹത്തുക്കളോട് സഹായതേട്ടം നടത്തുകയെന്നതും സയ്യിദുനാ ആദം നബി(അ)ന്റെ കാലംതൊട്ട് തുടങ്ങിയതാണെന്ന് ഏവർക്കും അറിയാവുന്ന യാഥാർത്ഥ്യമാണ്. ഇക്കാര്യം ലോകത്ത് കഴിഞ്ഞുപോയ പൂർവ്വീകരായ ഇമാമുകൾ അവരുടെ കിതാബുകളിൽ രേഖപ്പെടുത്തിയതായി നമുക്ക് കാണാവുന്നതാണ്. ഹിജ്റ:734.ൽ വഫാത്തായ മാലിക്കീ മദ്ഹബിലെ പ്രമുഖ ഇമാമുകളിൽപെട്ട ഇമാം താജുദ്ദീൻ അൽഫാക്കിഹാനീ(റ) പറയുന്നത് നമുക്കിങ്ങനെ വായിക്കാം.

إِعْلَمْ أَنَّ أَوَّلَ مَنِ اسْتَغَاثَ بِنَبِيِّنَا مُحَمَّدٍ، أَبُونَا آدَمُ عَلَيْهِ السَّلَامْ وَذَكَرَ شَيْخُ الْإِسْلَامِ وَالْمُسْلِمِينَ أَبُوعَبْدِ اللهِ مُحَمَّدُ الشَّهِيرِ بِابْنِ النُّعْمَانِ بِسَنَدِهِ فِي كِتَابِهِ:[مِصْبَاحُ الظَّلَامِ فِي الْمُسْتَغِيثِينَ بِخَيْرِ الْأَنَامِ]-الخ. **(اَلْفَجْرُ الْمُنِيرِ فِي الصَّلَاةِ عَلَى الْبَشِيرِ النَّذِيرْ:ص)لِلْفَاكِهَانِي-734هـ، وَ(مِصْبَاحُ الظَّلَامِ فِي الْمُسْتَغِيثِينَ بِخَيْرِ الْأَنَامْ:ص/26-29) لِلْمَرَاكِشِي-683هـ**

’നീ ഉറപ്പിച്ചു മനസ്സിലാക്കണം.നിശ്ചയം ലോകത്ത് ആദ്യമായി മഹാനായ നബി (സ്വ)യെ കൊണ്ട് സഹായതേട്ടം നടത്തിയത് നമ്മുടെ ആദ്യപിതാവായ ആദംനബി(അ) ആണ്.

ഇക്കാര്യം മാലിക്കീ മദ്ഹബിലെ തന്നെ പ്രധാനപ്പെട്ട ഇമാമുകളിൽ ഒരാളായ ഹിജ്റ:683.ൽ വഫാത്തായ അബൂ അബ്ദില്ലാഹി മുഹമ്മദ് ബ്നുന്നുഅ്മാൻ അൽമറാക്കിശീ(റ) തനിക്ക് ലഭിച്ച പരമ്പരയോടുകൂടി (മിസ്വ്ബാഹു ള്ളലാമി ഫിൽമുസ്തഗീസീന ബിഖൈരിൽഅനാം) എന്ന കിത്താബിൽ വ്യക്തമാക്കിയിട്ടുണ്ട്' **(അൽഫജ്റു ൽമുനീർ ഫിസ്സ്വലാത്തി അലൽ ബശീരിന്നദീർ:പേജ്/263)**ലും ഇമാംമറാക്കിശീ(റ) തന്റെ (മിസ്വ് ബാഹുള്ളലാം ഫിൽ മുസ്ത്തഗീസീന ബിഖൈരിൽ അനാം:പേജ്/26-29) കളിലും പഠിപ്പിക്കുന്നതായി കാണാം.

ആദം നബി(അ)മുതൽ ആരംഭം കുറിച്ച തവസ്സുലും ഇസ്തിഗാസയും കാലകാലങ്ങളായി ലോക മുസ്ലിംകൾ വിശിഷ്യ മുൻകഴിഞ്ഞുപോയ ലക്ഷക്കണക്കിനു ഹദീസുകൾ മനപ്പാഠമുള്ള മുഹദ്ദിസുകളും കർമ്മശാസ്ത്ര ഇമാമുകളും മറ്റു മുഴുവൻ ഇമാമുകളും അനുവർത്തിച്ചു ആചരിച്ചു വരുന്ന ലോകമുസ്ലിം പണ്ഡിതരുടെ ഏകകണ്ഠമായ തീരുമാനമനുസരിച്ച് സ്ഥിരപ്പെട്ട ഒരു കർമ്മമാണ്. ഇതിനെതിരിൽ ലോകത്താദ്യമായി ശബ്ദമുയർന്നത് ഹിജ്റവർഷം എട്ടാം നൂറ്റാണ്ടിലാണ് അതായത് ഹിജ്റ:661ൽ ജനിച്ച് 728.ൽ മരണപ്പെട്ട ഇബ്നു തൈമിയ്യ എന്ന പണ്ഡിതനാണത്. ഇക്കാര്യം തന്റെ സമകാലികനും ഹാഫിളും മുഫസ്സിറും ഫഖീഹും ഖാളിൽഖുളാത്തും ആ കാലത്തുള്ള സമുദ്രസമാന വിജ്ഞാനത്തിനുടമയുമായിരുന്ന ഹിജ്റ:756.ൽ വഫാത്തായ മഹാനായ ഇമാം തഖിയ്യുദ്ദീൻ അസ്സുബ്ക്കീ(റ)പറയുന്നതായി കാണാം അതിങ്ങനെ വായിക്കാം.

إِعْلَمْ: أَنَّهُ يَجُوزُ وَيَحْسُنُ التَّوَسُّلُ وَالْإِسْتِغَاثَةُ وَالتَّشَفُّعُ بِالنَّبِيِّ، إِلَى رَبِّهِ سُبْحَانَهُ وَتَعَالَى. وَجَوَازُ ذَلِكَ وَحُسْنُهُ مِنَ الْأُمُورِ الْمَعْلُومَةِ لِكُلِّ ذِي دِينٍ، اَلْمَعْرُوفَةِ مِنْ فِعْلِ الْأَنْبِيَاءِ وَالْمُرْسَلِينَ، وَسِيَرِالسَّلَفِ الصَّالِحِينَ وَالْعُلَمَاءِ وَالْعَوَامِ مِنَ الْمُسْلِمِينَ. وَلَمْ يُنْكِرْ أَحَدٌ ذَلِكَ مِنْ أَهْلِ الْأَدْيَانِ وَلَاسُمِعَ بِهِ فِي زَمَنٍ مِنَ الْأَزْمَانِ حَتَّى جَاءَ ابْنُ تَيْمِيَّةَ، فَتَكَلَّمَ

Sunnahclub.in

فِي ذَلِكَ بِكَلاَمٍ يُلَبِّسُ فِيهِ عَلَى الضُّعَفَاءِ الْأَغْمَارِ، وَابْتَدَعَ مَا لَمْ يُسْبَقْ إِلَيْهِ فِي سَائِرِ الْأَعْصَارِ. **(شِفَاءُ السَّقَامِ فِي زِيَارَةِ خَيْرِالأَنَامْ:ص/) لِلسُّبْكِي-756هـ**

"നീ ഉറപ്പിച്ചു മനസ്സിലാക്കണം! നിശ്ചയം നബി(സ്വ)യെ കൊണ്ട് ഇടതേട്ടം നടത്തലും അവിടുത്തോട് സഹായതേട്ടം (ഇസ്തിഗാസ) നടത്തലും നബി(സ്വ)യെകൊണ്ട് അല്ലാഹുവിലേക്ക് ശുപാർശതേടലുമൊക്കെ അനുവദനീയവും നല്ലകാര്യവുമാണ്. അത് നല്ലകാര്യവും അനുവദനീയവുമാണെന്ന വസ്തുത ദീനറിയുന്ന എല്ലാവർക്കും അറിയപ്പെട്ട കാര്യങ്ങളിൽ പെട്ടതുമാണ്. അമ്പിയാ മുർസലുകളൂടേയും സലഫുസ്സ്വാലിഹുകളുടേയും പണ്ഡിതന്മാരുടേയും മുസ്‌ലിംകളിൽപെട്ട സാധാരണക്കാരുടെ പോലും പ്രവർത്തിയിൽ അറിയപ്പെട്ടതുമാണ്. ഇസ്‌ലാമിനെ കുറിച്ച് അറിവുള്ള ഒരാളും തവസ്സുലിനെയും ഇസ്തിഗാസയേയും നിഷേധിച്ചിട്ടില്ല. ഇബ്നുതൈമിയ്യ വരുന്നത് വരെ അങ്ങിനെയൊരു സംസാരം തന്നെ കേൾക്കുക പോലും ചെയ്തിട്ടില്ല. ഇബ്നുതൈമിയ്യ അതേകുറിച്ച് പുതിയ വാദവുമായി വന്നു ദുർബലരായ ആളുകളുടെ മനസ്സിൽ സംശയം ജനിപ്പിക്കുകയും മുൻകാലങ്ങളിലൊന്നും കേൾക്കാത്ത ഒരുവാദവുമായി രംഗപ്രവേശനം ചെയ്യുകയുമാണുണ്ടായത്."
**(ശിഫാഉസ്സഖാം ഫീ സിയാറതി ഖൈരിൽ അനാം: 293)**

ഇബ്നു തൈമിയ്യക്ക് ശേഷം അദ്ധേഹത്തിന്റെ ഈ ആശയം പേറിയ ചുരുക്കം ചിലർ തവസ്സുൽ ഇസ്തിഗാസയെ വിമർശിക്കുകയും അതിനെതിരിൽ ശബ്ദമുയർത്തുകയുമുണ്ടായെങ്കിലും സമകാലികരായ ഇമാം തഖിയ്യുദ്ദീൻ അസ്സുബ്കീ (റ), ഇമാം ബദ്റുദ്ദീൻ ഇസ്സുബ്നു ജമാഅ(റ), അൽഖാളീ മുഹമ്മദ് ബിൻ അൽഹരീരീ അൽ അൻസ്വാരീ അൽഹനഫീ(റ) അശ്ശൈഖ് അഹ്മദ് ബിൻ യഹ്‌യാ അൽമഅ്റൂഫി ഇബ്നു ജഹ്ബൽ(റ), ഖാളീ ഖുളാത്ത് ഇമാം അബൂ അബ്ദില്ലാഹി മുഹമ്മദ് ബ്നു മുസല്ലം ഇബ്നുമാലിക് അസ്സ്വാലിഹീ(റ),

അൽമുഹദ്ദിസ് അൽ ഫഖീഹ് അലിയ്യു ബ്നു മുഹമ്മദ് അൽ ബാജീ അശ്ശാഫിഈ(റ), അൽഫഖീഹ് മുഹമ്മദ് ബ്നു അലീ അൽ മാസിനീ അദ്ദിമശ്ഖീ(റ), അൽഫഖീഹ് അൽമുഹദ്ദിസ് ജലാലുദ്ദീൻ അൽഖസ്വീനീ അശ്ശാഫിഈ(റ), ഇമാം സ്വഫി യ്യുദ്ദീൻ അൽഹിന്ദീ(റ) ഇമാം ഖാളിൽഖുളാത്ത് ഇബ്നുസ്സം ലക്കാനീ(റ) ഇമാം ഇബ്നു അൽമുഅല്ലിം അൽഖുറശീ(റ) തുടങ്ങിയ മഹാന്മാരായ ഇമാമുകളുടെയും മറ്റു നിരവധി ഇമാ മുകളുടേയും പ്രധിരോധത്തിനു മുന്നിൽ ഇബ്നുതൈമിയ്യക്ക് പിടിച്ചു നിൽക്കാൻ സാധിച്ചില്ലെന്നതാണു സത്യം, എത്രത്തോ ളം ഇബ്നു തൈമിയ്യയുടെ പ്രധാനശിഷ്യന്മാരായ ഹാഫിള് ഇബ്നുകസീർ(റ) ഇമാം സ്വലാഹുദ്ദീൻ അസ്സ്വഫദീ(റ) ഇമാം ഇബ്നു ഫള്ലില്ലാഹ് അൽഉമരീ(റ) തുടങ്ങിയവരെ പോലുള്ള തന്റെ ശിഷ്യന്മാരെ പോലും ഈ വിഷയത്തിൽ തന്റെ കൂടെ നിർത്താൻ ഇബ്നുതൈമിയ്യക്ക് സാധിച്ചില്ലെന്നതും ശ്രദ്ധേയ മാണ്.

പിന്നെ ഇബ്നു തൈമിയ്യയുടെ ഈ വാദം ഏറ്റുപിടിച്ച് നൂറ്റാണ്ടുകൾക്ക് ശേഷം ഹിജ്റ:1115. ജനിച്ച് 1206 ൽ മരണ പ്പെട്ട നജ്ദുകാരനായ ഇബ്നു അബ്ദിൽ വഹാബാണ് തവസ്സു ൽ ഇസ്തിഗാസക്കെതിരിൽ രംഗപ്രവേശനം ചെയ്തത്. അദ്ധേ ഹം പുതിയൊരു പ്രസ്ഥനവുമായി വന്ന് അക്കാലമത്രെയും ജീവിച്ചിരുന്ന മുസ്ലിംകളെ ഇസ്ലാമിന്റെ ബൗണ്ടറിയിൽ നിന്ന് പുറത്തേക്കെറിയുകയും ധാരാളം പണ്ഡിതന്മാരെയും സാധാരണക്കാരെയും അറുകുല നടത്തുകയും ചെയ്യുകയാ ണുണ്ടായത്, ത്വാഇഫിൽ മാത്രം പണ്ഡിതന്മാരും സാദാത്തു ക്കളും കുട്ടികളും സ്ത്രീകളുമടങ്ങുന്ന എഴുപതിനായിരം ആളു കളെ ഇബ്നു അബ്ദിൽ വഹാബിന്റെ സൈന്യം കൊന്നൊടു ക്കിയിരുന്നുവെന്ന് ചരിത്ര പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങ ളിൽ വ്യക്തമാക്കിയതായി കാണാം.

Sunnahclub.in

ഈ ഇബ്നു അബ്ദിൽ വഹാബിന്റെ ആശയങ്ങളും ആദർശങ്ങളും അംഗീകരിച്ചു ജീവിക്കുന്ന ലോകത്തുള്ള അഞ്ച് ശതമാനം വരുന്ന ആളുകൾ മാത്രമാണ് തവസ്സുൽ ഇസ്തിഗാസയെ വിമർശിക്കുകയും അത് ശിർക്കാണെന്ന് പ്രചരിപ്പിക്കുകയും ചെയ്യുന്നത്. അവരെ പിൻതുടർന്ന് ഇന്ന് സലഫികളെന്നും അഹ്‌ലേഹദീസ് എന്നും ഇസ്ലാഹികളെന്നും നമ്മുടെ കേരളത്തിൽ മുജാഹിദ് പ്രസ്ഥാനമെന്നുമൊക്കെയുള്ള പേരുകളിൽ അറിയപ്പെടുന്ന അല്പം ചിലരും സുന്നീ ആദർശങ്ങൾക്കെതിരിലും തവസ്സുൽ ഇസ്തിഗാസക്കെതിരിലും രംഗത്ത് വരികയും തൊണ്ണൂറ്റി അഞ്ച് ശതമാനം വരുന്ന മുസ്‌ലിംകളെ ഇസ്‌ലാമിൽ നിന്ന് പുറത്താക്കാൻ പണിയെടുത്തു കൊണ്ടിരിക്കുകയും ചെയ്യുന്നു.

Sunnahclub.in

# ഇമാം അബൂഹനീഫ(റ) തവസ്സുലിനെ എതിർക്കുകയോ!?

ഇമാമുകളുടെ കിത്താബുകളിൽ നിന്ന് ഉദ്ധരണികൾ അടർത്തിയെടുത്ത് അവരുദ്ധേശിക്കാത്ത അർത്ഥകല്പനകൾ നൽകി തെറ്റുദ്ധരിപ്പിക്കുകയും ചെയ്യുന്നത് വഹാബിസത്തിന്റെ ഏറ്റവും വലിയ അജണ്ഡയാണ്. അക്കാര്യത്തിൽ മുജാഹിദ് പ്രസ്ഥാനത്തിന്റെ മറുപുറമായ ജമാഅത്തേ ഇസ്ലാമിയും ഒട്ടും പിറകിലല്ല. ഇത്തരത്തിൽ തെറ്റുദ്ധരിപ്പിക്കുന്ന ഒരു കാര്യമാണ് മഹാനായ ഇമാമുൽ അഅ്ളം അബൂഹനീഫ(റ) മഹാന്മാരായ അമ്പിയാ മുർസലുകളുടെ ഹഖ് (മഹത്വം) കൊണ്ടുള്ള തവസ്സുലിന്ന് എതിരാണെന്നും അങ്ങിനെചെയ്യൽ വിരോധി ക്കപ്പെട്ടതാണെന്ന് അവിടുന്ന് പറഞ്ഞിട്ടുണ്ടെന്നും മുള്ള കളവുകൾ. അതിനായി അവർ ഹനഫീ മദ്ഹബിലെ ഇമാമുകളുടെ കിത്താബുകളിൽ നിന്ന് ഒരു ഉദ്ധരണിയും കൊണ്ടുവരാറുണ്ട്. എന്നാൽ എന്താണ് തവസ്സുൽ ഇസ്തിഗാസ വിഷയത്തിൽ ഇമാം അബൂഹനീഫ(റ)യുടെ നിലപാട്, മഹാനെ തൊട്ട് ഉദ്ധരിക്കപ്പെടുന്ന ഉദ്ധരണികൊണ്ട് ഉദ്ധേശിക്കപ്പെടുന്നത് എന്താണ് എന്നൊക്കെ നമുക്കൊന്ന് പരിശോധിക്കാം.

മഹാനായ ഇമാം അബൂഹനീഫ(റ)യെ തൊട്ട് ഹനഫീ മദ്ഹബിലെ ഇമാമുകാളുടെ കിത്താബുകളിൽ പറയുന്ന ഒരു

Sunnahclub.in

ഉദ്ധരണി നമുക്ക് വിശകലനം നടത്താം. ഹിജ്റ:587.ൽ വഫാത്തായ ഹനഫീ മദ്ഹബിലെ പ്രമുഖ ഇമാമുക ളിൽ പെട്ട ഇമാം അലാഉദ്ദീൻ അൽകാസാനീ(റ) തന്റെ കിത്താബിൽ ഉദ്ധരിക്കുന്നു:

وَيُكْرَهُ لِلرَّجُلِ أَنْ يَقُولَ فِي دُعَائِهِ: أَسْأَلُكَ بِحَقِّ أَنْبِيَائِكَ وَرُسُلِكَ، وَبِحَقِّ فُلَانٍ؛ لِأَنَّهُ لاَ حَقَّ لِأَحَدٍ عَلَى اللهِ سُبْحَانَه وَتَعَالَى جَلَّ شَأْنُهُ؛ **(بَدَائِعُ الصَّنَائِعِ فِي تَرْتِيبِ الشَّرَائِعِ:504/6) لِلْكَاسَانِي-587هـ**

“ഒരാൾ തന്റെ പ്രാർത്ഥനയിൽ നിന്റെ അമ്പിയാക്കളുടേയും മുർസലുകളുടേയും ‘ഹഖ്’ കൊണ്ട് ഞാൻചോദിക്കുന്നു, ഇന്നവ്യക്തിയുടെ ‘ഹഖ്’ കൊണ്ട് ചോദിക്കുന്നു എന്ന് പറയൽ കറാഹത്താക്കപ്പെടും. കാരണം നിശ്ചയം കാര്യം അല്ലാഹുവിന്ന് ഒരാളുടെ മേലിലും ഒരു ഹഖുമില്ല (ഒരു ബാധ്യതയുമില്ല).” ഈ പറ ഞ്ഞതിൽ നമുക്ക് വളരെ വ്യക്തമയി മനസ്സിലാക്കാം ഈ ഉദ്ധരണിയിൽ പറഞ്ഞ ′ഹഖ്′ കൊണ്ടുള്ള ഉദ്ധേശം അല്ലാഹുവിന്ന് തന്റെ സൃഷ്ടികളോട് ബാധ്യതകൾ ഉണ്ട് എന്ന അർത്ഥത്തിലുള്ള ′ഹഖ്′ ആണെന്ന്, കാരണം ആ പറഞ്ഞതിന്റെ ഉടനെതന്നെ ഇമാം കാസാനീ(റ)യും ആ ഉദ്ധരണി റിപ്പോർട്ട് ചെയ്ത എല്ലാ ഇമാമുകളും അങ്ങിനെ പറയാൻ പാടില്ലാത്തതിന്റെ കാരണമായി പറയുന്നത് അല്ലാഹുവിന് ഒരാളുടെ മേലിലും ഒരു ‘ബാധ്യതയും’ ഇല്ലാ എന്നതാണ്.

അബൂ ഹനീഫാ ഇമാമിന്റെ കാലത്തുള്ള മുഅ്തസിലത്ത് എന്ന പിഴച്ച കക്ഷികളുടെ വാദം അമലുകൾ ചെയ്തവർക്ക് പ്രതിഫലം നൽകൽ അല്ലാഹുവിന് നിർബന്ധമാണെന്നാണ്. ഇതിനെ എതിർത്തു കൊണ്ടാണ് ഇമാം ഈ നിലക്ക് പ്രതികരിച്ചത്. അഹ്ലുസ്സുന്നയുടെ വിശ്വാസം നാം ചെയ്യുന്ന ഒരു സൽകർമ്മത്തിനും പ്രതിഫലം പോലും നൽകൽ അല്ലാഹുവിന് ബാധ്യതയില്ലാ എന്നതാണ്. അല്ലാഹുവിന്റെ ഔദാര്യം കൊണ്ട് നമുക്ക് പ്രതിഫലം നൽകിയാൽ നാം ഭാഗ്യവാന്മാർ!

ഇത് കൊണ്ടാണ് ബീവി റാബിഅത്തുൽ അദവിയ്യ(റ)യെ പോലുള്ള മഹതികളും മഹാന്മാരും പറഞ്ഞത് 'ഞാൻ അല്ലാഹു പ്രതിഫലം നൽകുമെന്ന് കരുതി ആരാധനകൾ ചെയ്യുന്നില്ല. മറിച്ച് അല്ലാഹുവിന്റെ ലിഖാഅ് ലഭിക്കണം എന്ന ചിന്ത മാത്രമേ ഉള്ളൂ' എന്നത്. ഈ അർത്ഥത്തിലുള്ള ഹഖ് കൊണ്ട് ചോദിക്കുന്നതിനെയാണ് ഈ ഇബാറതുകൾ ഉദ്ധേഷിച്ചതെന്ന് കൃത്യമായി ബോധ്യപ്പെടുത്താൻ വേണ്ടി തന്നെയാണ് തൊട്ടപ്പുറത്ത് തന്നെ കാരണമായി അല്ലാഹുവിന് യാതൊരു സൃഷ്ടിയോടും ഒരുവിധത്തിലുള്ള 'ബാധ്യതയുമില്ലെന്ന്' വ്യക്തമാക്കി പറഞ്ഞത്.

ചുരുക്കത്തിൽ ഈ പറഞ്ഞ 'ഹഖ്' കൊണ്ടുള്ള ഉദ്ധേശം മഹാന്മാരുടെ മഹത്വവും സ്ഥാനവും മുൻനിർത്തിയുള്ള തവസ്സുലും ചോദ്യവുമല്ല. അതാണ് ഉദ്ധേശമെങ്കിൽ അമ്പിയാക്കൾക്കും മുർസലുകൾക്കും മറ്റു മഹാന്മാർക്കും അല്ലാഹുവിന്റെയടുക്കൽ ഒരു മഹത്വവും ഒരു സ്ഥാനവുമില്ലെന്ന് ശേഷമുള്ള വാക്കുകൾക്ക് (لِأَنَّهُ لاَ حَقَّ لِأَحَدٍ عَلىَ اللهِ سُبْحَانَه وَتَعَالَى جَلَّ شَأْنُهُ؛) അർത്ഥം നൽകേണ്ടി വരും. അതൊരിക്കലും ശരിയല്ലെന്ന് ഇസ്ലാമിക ബാലപാഠമറിയുന്ന ആർക്കും അറിയാവുന്ന വസ്തുതയാണ്.

ലോകത്ത് ഏറ്റവും സ്ഥാനവും മഹത്വവുമുള്ളവർ അമ്പിയാ മുർസലുകൾക്കാണ് അവരിൽ വെച്ച് ഏറ്റവും മഹത്വമുള്ളത് സൃഷ്ടികളിൽ വെച്ച് ഏറ്റവും ശ്രേഷ്ടരായ മഹാനായ നബി(സ്വ)തങ്ങൾക്കുമാണ്. ഇക്കാര്യം മഹാന്മാരായ ഇമാമുകൾ നമ്മെ പഠിപ്പിച്ചതായി കാണാം. എന്തിനേറെ പറയണം പുത്തൻവാദികൾ അവരുടെ ഏറ്റവും വലിയ നേതാവായും ആശയ സ്രോദസ്സായും പരിചയപ്പെടുത്താറുള്ള ഇബ്നു തൈമിയ്യ വരെ വ്യക്തമാക്കുന്നുണ്ട്:

وَقَدِ اتَّفَقَ الْمُسْلِمُونَ عَلَى أَنَّهُ صَلَّى اللهُ عَلَيْهِ وَسَلَّمَ أَعْظَمُ الْخَلْقِ جَاهًا عِنْدَ اللهِ، لاَ جَاهَ لِمَخْلُوقٍ عِنْدَ اللهِ أَعْظَمَ مِنْ جَاهِهِ. (**مَجْمُوعُ الْفَتَاوَى 145/27**) **لِابْنِ تَيْمِيَّة**

Sunnahclub.in

“അല്ലാഹുവിന്റെയടുക്കൽ ഏറ്റവും മഹത്വവും പദവിയും ഉള്ളത് മഹാനായ നബി(സ്വ)ക്കാണെന്ന കാര്യത്തിൽ നിശ്ച യം മുസ്‌ലിംകൾ ഏകാഭിപ്രായക്കാരാണ്. ഒരു സൃഷ്ടിക്കും നബി(സ്വ)യുടെ മഹത്വത്തെകാൾ അല്ലാഹുവിന്റെയടുക്കൽ മഹത്വമില്ല”. (മജ്മൂഉൽഫത്താവാ:27/145)

ഇബ്നുതൈമിയ്യയുടെ ഈ ഉദ്ധരണി നബി(സ്വ)ക്കും മറ്റുമഹത്തുക്കൾക്കും അല്ലാഹു വിന്റെയടുക്കൽ മഹത്വവും സ്ഥാനവുമുണ്ടെന്ന് തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. ഈ പറഞ്ഞതിൽ നിന്ന് നമുക്ക് ബോധ്യമാകും കറാഹത്താ ണെന്ന് ഇമാം അബൂഹനീഫ(റ) പറഞ്ഞ ’ഹഖ്’ കൊണ്ടുള്ള ചോദ്യം ലോക മുസ്‌ലിംകൾ ചെയ്തുകൊണ്ടിരിക്കുന്ന മഹാ ന്മാരുടെ മഹത്വവും സ്ഥാനവും മുൻനിർത്തിയുള്ള തവസ്സു ലിനെ കുറിച്ചോ തേട്ടത്തേ കുറിച്ചോ അല്ലെന്നുള്ള വസ്തുത. അക്കാര്യം ഇമാമുകൾ നമ്മെ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

Sunnahclub.in

# ഹനഫീ മദ്ഹബിലെ പണ്ഡിതർ വിശദീകരിക്കുന്നു.

അബൂഹനീഫ(റ) പറഞ്ഞ വരികൾ ഏറ്റവും വിശദീകരിക്കാൻ അർഹതപ്പെട്ടവർ അവിടുത്തെ മദ്ഹബിലായി ജീവിതകാലം മുഴുവൻ ചിലവഴിക്കുകയും അതിനായി അബൂ ഹനീഫാ ഇമാമിന്റെയും ശിഷ്യന്മാരുടെയും ഗ്രന്ഥങ്ങളും വിശദീകരണങ്ങളും പഠിച്ച് ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്ത ഇമാമീങ്ങളാണെന്ന് പറയേണ്ടതില്ല. മാത്രവുമല്ല പ്രാർത്ഥന നടത്തുമ്പോൾ ഇന്ന മഹാന്റെ 'ഹഖ്' കൊണ്ട് ചോദിക്കൽ കറാഹത്താണെന്ന് ഇമാം അബൂ ഹനീഫ(റ) പറഞ്ഞിട്ടുണ്ടെന്ന് പഠിപ്പിക്കുന്ന ഇമാമുകൾ തന്നെ അവരുടെ അതേ കിത്താബിലോ അല്ലെങ്കിൽ മറ്റു കിതാബു കളിലോ മഹാനായ നബി(സ്വ)യുടേയും മറ്റു മഹത്തുക്കളുടേയും 'ഹഖ്' കൊണ്ടും 'ഹുർമത്ത്' കൊണ്ടും 'ജാഹ്' കൊണ്ടു മൊക്കെ തവസ്സുൽ ചെയ്യുകയും മഹാന്മാർ നടത്തിയ തവസ്സുലുകൾ ഉദ്ധരിച്ച് പഠിപ്പിക്കുകയും ചെയ്യുന്നതായി കാണാവുന്നതുമാണ്. ഇനി നമുക്ക് അതേ കുറിച്ച് പ്രതിപാദിക്കാം.

അബൂ ഹനീഫാ ഇമാമിന്റെ ഈ വാക്കുകൾ വിശദീകരിച്ചു കൊണ്ട് ഹനഫീ മദ്ഹബിലെ പിൽകാല പ്രമുഖ ഇമാമു

Sunnahclub.in

കളിൽ പെട്ട മുഹദ്ദി സും ഫഖീഹും മുഫസ്സിറും ആയ അല്ലാമാ മുർത്തളാ അസ്സ ബീദീ(റ) പറയുന്നു: “ഇമാം അബൂ ഹനീഫ(റ) പറഞ്ഞ തുകൊണ്ടുള്ള ഉദ്ദേശം അല്ലാഹുവിന് അവന്റെ സൃഷ്ടികളുടെ മേലിൽ ഒരു ബാധ്യതയും ഇല്ലെന്ന അർത്ഥത്തിലുള്ള ’ഹഖ്’ ആണ്. അല്ലാതെ ബഹുമാനവും ആദരവും മഹത്വവും ഉദ്ദേശി ച്ചുകൊണ്ടുള്ള ’ഹഖ്’ കൊണ്ടു ള്ള ചോദ്യത്തെയല്ല. ഇമാം അബൂ ഹനീഫ(റ) കറാഹത്താ ണെന്ന് പറഞ്ഞിട്ടുള്ളത്. മഹത്വം എന്ന അർത്ഥത്തിനുള്ള ’ഹഖ്’ കൊണ്ടുള്ളതേട്ടം ഹദീസിൽ തന്നെ സ്ഥിരപ്പെട്ടിട്ടുള്ള താണ്”. **(ഇത്ത്ഹാഫു സ്സാദത്തിൽ മുത്തഖീൻ:2/285)**

ഇതു കൊണ്ടാണ് അബൂഹനീഫ(റ)യിൽ നിന്നും ഈ വരികൾ ഉദ്ധരിച്ച അതേ ഇമാമുകൾ തന്നെ അവരുടെ കിതാ ബുകളുടെ തുടക്കത്തിലും അവസാനത്തിലുമൊക്കെ നബി (സ്വ)യുടെയും മറ്റു മഹത്തുക്കളുടേയും ഹഖ് കൊണ്ടും ജാഹ് കൊണ്ടുമൊക്കെ തവസ്സുൽ ചെയ്തതായി നിരവധി നമുക്ക് കാണാൻ സാധിക്കുന്നത്.

ഇതോടൊപ്പം ഇമാം അബൂഹനീഫ(റ)യുടെ ഈ വാചക ത്തിന് മറ്റൊരു അർത്ഥവും ഉദ്ധേശവും ഇമാമുകൾ പഠിപ്പി ക്കുന്നതായി കാണാം. അതായത്, ‘ഹഖ്’ എന്ന വാക്കിന് സത്യം എന്ന അർത്ഥമുണ്ട്. സത്യം ചെയ്യുകയെന്ന അർത്ഥ ത്തിനും ഇത് പ്രയോഗിക്കാറുണ്ട്. ഈ അർത്ഥവും വ്യാഖ്യാന വുമാണ് വിമർശകരുടെ ഏറ്റവും വലിയ നേതാവ് ഇബ്നു തൈമിയ്യയും അദ്ധേഹത്തോട് ആശയത്തിൽ കൂറുപുലർത്തു ന്ന ഇബ്നു അബിൽഇസ്സ് എന്ന പണ്ഡിതനും നൽകുന്നത്. ഇബ്നു തൈമിയ്യയുടെ കിതാബിൽ നിന്ന് വായിക്കാം.

فَلَفْظُ التَّوَسُّلِ يُرَادُ بِهِ ثَلاَثَةُ مَعَانٍ:- ...... وَالثَّالِثُ اَلتَّوَسُّلُ بِهِ بِمَعْنَى الْإِقْسَامِ عَلَى اللهِ تَعَالَى بِذَاتِهِ، ... وَهَذَا هُوَ الَّذِي قَالَ أَبُوحَنِيفَةَ وَأَصْحَابُهُ: إِنَّه لاَ يَجُوزُ، وَنَهَوْا عَنْهُ

Sunnahclub.in

حَيْثُ قَالُوا: لاَيُسْأَلُ بِمَخْلُوقٍ، وَلاَ يَقُولُ أَحَدٌ:أَسْأَلُكَ بِحَقِّ أَنْبِيَائِكَ.**(مَجْمُوعُ الْفَتَاوَى:202/1)وَ(قَاعِدَةٌ جَلِيلَةٌ فِي التوَسُّلِ وَالْوَسِيلَةِ:ص/85-86)لِابْنِ تَيْمِيَّة .**

"ഇടതേട്ടം(തവസ്സുൽ) എന്ന പദത്തിന് മൂന്ന് അർത്ഥ ങ്ങളുണ്ട്, അതിൽ മൂന്നാമത്തെ അർത്ഥം അല്ലാഹുവിന്റെ മേൽ സത്യം ചെയ്യുകയെന്ന അർത്ഥത്തിലുള്ള ഇടതേട്ടമാണ്. ഇങ്ങനെ സത്യം ചെയ്യുക യെന്ന അർത്ഥത്തിനുള്ള ഇടതേട്ടം അനുവദനീയമല്ലെന്നാണ് ഇമാം അബൂഹനീഫ(റ)യും തന്റെ ശിഷ്യന്മാരും പറഞ്ഞിട്ടുള്ളത്. അങ്ങിനെ ചെയ്യലിനെതൊട്ട് അവർ വിലക്കുകയും ചെയ്തിട്ടുണ്ട്. അബൂഹനീഫ(റ)യും തന്റെ ശിഷ്യന്മാരും പറഞ്ഞു: "സൃഷ്ടികളെകൊണ്ട് ചോദിക്ക പ്പെടരുത്, അമ്പിയാക്കളുടെ ഹഖ് കൊണ്ട് എന്ന് ഒരാളും പറയുകയും ചെയ്യരുത്". **(മജ്മൂഉൽ ഫത്താവാ:1/202) (ഖാഇദത്തുൻ ജലീല ഫിത്തവസ്സുലിവൽവസീല: 85-86)**

ഇബ്നുതൈമിയ്യയോട് ആശയ പ്പൊരുത്തമുള്ള ഹിജ്റ: 792 ൽ മരണപ്പെട്ട ഇബ്നു അബിൽഇസ്സ് അൽഹനഫീ തന്റെ കിത്താബിലും ഇത് പറയു ന്നതായി കാണാം:

وَإِنْ كَانَ مُرَادُهُ الإِقْسَامُ عَلَى اللهِ تَعَالَى بِحَقِّ فُلاَنٍ، فَذَلِكَ مَحْذُورٌ أَيْضًا، لِأَنَّ الْإِقْسَامَ بِالْمَخْلُوقِ عَلَى الْمَخْلُوقِ لاَيَجُوزُ، فَكَيْفَ عَلَى الْخَالِقِ.... وَلِهَذَا قَالَ أَبُوحَنِيفَةَ وَصَاحِبَاهُ رَضِيَ اللهُ عَنْهُمْ:يُكْرَهُ أَنْ يَقُولَ الدَّاعِي:أَسْأَلُكَ بِحَقِّ فُلاَنٍ، أَوْ بِحَقِّ أَنْبِيَائِكَ وَرُسُلِكَ-الخ. **(شَرَحُ الْعَقِيدَةِ الطَّحَاوِيَّةِ:297/1)لِابْنِ أَبِي الْعِزِّ الْحَنَفِي-792ه**

"ഒരു വ്യക്തിയുടെ 'ഹഖ്' കൊണ്ട് എന്ന് പറഞ്ഞ് സത്യം ചെയ്യലാണ് ഒരാളുടെ ലക്ഷ്യമെങ്കിൽ അതും പാടില്ലാത്ത താണ്, കാരണം: സൃഷ്ടികളെ കൊണ്ട് സൃഷ്ടികളുടെ മേലിൽ സത്യം ചെയ്യൽ അനുവദനീയമല്ല. പിന്നെയല്ലേ സ്ഷ്ഠാവി ന്റെ മേലിൽ സൃഷ്ടികളെ കൊണ്ട് സത്യം ചെയ്യൽ!? ഇക്കാരണം കൊണ്ടാണ് ഇമാം അബൂഹനീഫ(റ)യും തന്റെ

Sunnahclub.in

രണ്ട്കൂട്ടുകാരും പ്രാർത്ഥിക്കുന്ന വ്യക്തി ഇന്നയാളുടെ ഹഖ് കൊണ്ട്, അല്ലെങ്കിൽ അമ്പിയാ മുർസലുകളുടെ ഹഖ്കൊണ്ട് ഞാൻ ചോദിക്കുന്നവെന്ന് പറയൽ കറാഹത്താണെന്ന് പറഞ്ഞിട്ടുള്ളത്." (ശറഹുൽഅഖീദ അത്ത്വഹാവിയ്യ:1/297)

എത്ര ത്തോളം കേരളത്തിലെ ഒഹാബികളുടെ ആശയ സ്രോദസ്സും ഇസ്ലാഹീ ആശയം ഇരുപതാം നൂറ്റാണ്ടിൽ പ്രചരിപ്പിച്ച ഏറ്റവും പ്രഗത്ഭനാണെന്നും ഖുർആൻ വ്യാഖ്യാനം കൊണ്ട് ലോകത്ത് മുഴുവൻ പ്രചരിച്ചു ആശയ വിപ്ലവം സൃഷ്ടിച്ചിരുന്നുവെന്നും വിശുദ്ദ ഖുർആൻ ഖുർആനിലൂടെയും നബി ചര്യയിലൂടെയും വ്യാഖ്യാനിക്കാനും പഴയ തഫ്സീർ ഗ്രന്ഥങ്ങളിൽ കടന്നുകൂടിയ അബദ്ധങ്ങളെപ്പറ്റി ബോധമുളവാക്കാനും റശീദുരിസായുടെ സമീപനം വഴിതെളിയിച്ചു' എന്ന് 'ഇസ്ലാഹീപ്രസ്ഥാന ചരിത്രത്തിനൊരാമുഖം(പേജ്:17)ൽ മുജാഹിദുകൾ പരിചയപ്പെടുത്തിയ റശീദ് രിളാ തന്റെ തഫ്സീറുൽ മനാർ(6/372)ലും മഹാനായ ഇമാമുൽ അഅ്ളം അബൂഹനീഫ(റ) കറാഹത്താണെന്ന് പറഞ്ഞ 'ഹഖ്' കൊണ്ടുള്ള ഉദ്ധേഷം ''സത്യം'' ചെയ്യലാണെന്ന് വ്യക്തമാക്കുന്നതായി കാണാം. അല്ലാഹു അല്ലാത്തവരെകൊണ്ട് സത്യം ചെയ്യാൻ പാടില്ലെന്ന് മഹാനായ ഇമാം നവവീ(റ)യടക്കമുള്ള ഇമാമുകൾ നമ്മെ പഠിപ്പിച്ചിട്ടുള്ള കാര്യവുമാണെന്നത് എല്ലാവർക്കും അറിയാവുന്ന സത്യവുമാണ്. ഖാത്തിമത്തുൽ മുഹഖിഖീൻ ഇബ്നുഹജർ അൽ ഹൈത്തമീ(റ)വിന്റെ (തുഹ്ഫ:4/289)ലും മറ്റു കർമ്മശാസ്ത്ര ഇമാമുകൾ അവരുടെ ഗ്രന്ഥങ്ങളിലും ഇത് വിവരിച്ചത് കാണാവുന്നതാണ്.

എങ്കിലും ഹിജ്റ:660.ൽ വഫാത്തായ ശാഫിഈ മദ്ഹബിലെ പ്രധാന ഇമാമുകളിൽ പെട്ട സുൽത്ത്വാനുൽ ഉലമാഇ അൽഇമാം ഇസ്സുദ്ദീൻ ഇബ്നു അബ്ദിസ്സലാം(റ)വും മറ്റു ചില ഇമാമുകളും മഹാനായ നബി(സ്വ)യെ കൊണ്ട്

മാത്രം സത്യം ചെയ്യാമെന്നും, കാരണം നബി(സ്വ) ആദം സന്തതികളുടെ മുഴുവത്തിന്റെ യും സയ്യിദും നേതാവുമാണ് എന്നതു കൊണ്ടാണെന്നും പറഞ്ഞിട്ടുണ്ട്. മറ്റു അമ്പിയാക്ക ളെ കൊണ്ടോ മലക്കുകളെ കൊണ്ടോ ഒന്നും തന്നെ സത്യം ചെയ്യാൻ പാടില്ല കാരണം അവർക്ക് നബി(സ്വ)യുടെ അത്ര മഹത്വവും പവറും ഇല്ല'. അൽഇമാം ഇസ്സുദ്ദീൻ ഇബ്നു അബ്ദിസ്സലാം(റ) തന്റെ(അൽഫത്താവൽ മിസ്വ്രിയ്യ:പേജ്/22) ൽ പഠിപ്പിക്കുന്നതായി കാണാം. ഇക്കാര്യം ഇസ്സുബ്നു അബ്ദിസ്സലാം(റ)വിൽ നിന്നും ഇമാമുകൾ എടുത്തുദ്ധരിച്ചതാ യും കാണാവുന്നതാണ്.

പിൽകാല ഹനഫീ മദ്ഹബിലെ പണ്ഡിതന്മാരിൽ പെട്ട അല്ലാമാ അബുസ്സനാഅ് അൽ ആലൂസീ(റ) തന്റെ (റൂഹുൽ മആനീ:6/125)ലും ഇത് ഉദ്ധരിക്കുന്നതായി കാണാവുന്നതാ ണ്. അതുപോലെ ഹിജ്റ:814.ൽ വഫാത്തായ അബുൽ യുംനി ഇബ്നുഫർഹൂൻ അൽമാലിക്കീ(റ) പറയുന്നു: "ഇമാമു അഹ്ലിസ്സുന്ന അഹ്മദ് ബ്നു ഹമ്പൽ(റ) പറഞ്ഞു: "ഒരാൾ നബി(സ്വ)യെ കൊണ്ട് സത്യം ചെയ്തു പറഞ്ഞാൽ ആ സത്യം സാധുവാകുന്നതാണ്. കാരണം നിശ്ചയം അയാൾ സത്യം ചെയ്തിട്ടുള്ളത് തന്റെ ഈമാൻ തന്നെ പൂർത്തിയാകാൻ ഏക കാരണക്കാരനായ നേതാവിനെ കൊണ്ടാണ്. ഇക്കാര്യം ഇമാം അബൂഹയ്യാൻ(റ) തന്റെ (അന്നഹ്റുൽമാദ്ദ്) എന്ന തഫ്സീറിൽ ഉദ്ധരിച്ചിട്ടുണ്ട്. ഇമാം ഇബ്നുഫർഹൂൻ(റ) തന്റെ (അൽമസാഇലുൽ മൽഖൂത്വതി മിനൽ കുത്തുബിൽ മബ്സൂ ത്വ :പേജ്/313)ൽ പറയുന്നതായി കാണാം. വിശ്വാസകാര്യങ്ങളിൽ ലോകമുസ്ലിംകൾക്ക് രണ്ട് ഇമാമുകളാണുള്ളത് ഒന്ന് ഇമാം അബുൽഹസൻ അൽ അശ് അരീ(റ)വും മറ്റൊന്ന് ഇമാം അബൂമൻസ്വൂർ അൽമാത്തുരീദീ (റ)വുമാണ്. കർമ്മശാസ്ത്രത്തിൽ ഹനഫീ മദ്ഹബുകാരനായ

Sunnahclub.in

ഇമാം മാത്തുരീദീ(റ) തന്റെ തഫ്സീറിൽ സൂറ:അൽബഖറ സൂക്തം:89. വ്യാഖ്യാനിച്ചു കൊണ്ട് പറ യുന്നു:

وَكَانُوا مِنْ قَبْلُ يَسْتَفْتِحُونَ عَلَى الَّذِينَ كَفَرُوا؛ يَسْتَفْتِحُونَ:يَسْتَنْصِرُونَ عَلَى الَّذِينَ كَفَرُوا قَبْلَ أَنْ يُبْعَثَ مُحَمَّدٌ صَلَّى اللهُ عَلَيْهِ وَسَلَّمَ، يَقُولُونَ: أَللهم انْصُرْنَا بِحَقِّ نَبِيِّكَ الَّذِي تَبْعَثُهُ. **(تَأْوِيلاَتُ الْقُرْآنْ:175/1) لِلْإِمَامِ أَبِي مَنْصُورِ الْمَاتُرِيدِيِّ الْحَنَفِي-333هـ**

''ജൂതന്മാർ നബി(സ്വ)യെ കൊണ്ട് സത്യനിഷേധികളുടെ മേലിൽ വിജയം ലഭിക്കാനായി സഹായം തേടാറുണ്ടായിരുന്നു. അവർ പറയുമായിരുന്നു:അല്ലാഹുവേ അവസാനകാലത്ത് നീ നിയോഗിച്ചയക്കാൻ പോകുന്ന നബിയുടെ ഹഖ് കൊണ്ട് ഞങ്ങളെ നീ സഹായിക്കേണമേ' **(തഅ്വീലാത്തുൽ ഖുർആൻ:1/175)**

അതു പോലെ മുഫസ്സിറും മുഹദ്ദിസും ഫഖീഹും സ്വൂഫീ മഹത്തുക്കളിൽ പെട്ടവരുമായ ഹനഫീ മദ്ഹബിലെ പ്രമുഖ ഇമാമുകളിൽ പെട്ട ഹിജ്റ:373.ൽ വഫത്തായ ഇമാം അബുല്ലൈസ് അസ്സമർഖന്ദീ(റ) തന്റെ തഫ്സീറിൽ സൂറതുൽ ബഖറ :37 വിശദീകരിച്ചു കൊണ്ട് മഹാനായ സയ്യിദുനാ ആദം നബി(അ) നബി(സ്വ)യുടെ 'ഹഖ് കൊണ്ട്' തവസ്സുൽചെയ്തത് വിവരിക്കുന്നതായി കാണാം. **(തഫ്സീർ ബഹ്റുൽഉലൂം :1/72)** അതുപോലെ മൂസാ നബി(അ)ന്റെ തിരുശേഷിപ്പുകൾ മുസ്ലിംകൾ യുദ്ധത്തിനു പോകുന്ന സമയത്ത് വിജയം ലഭിക്കാൻ തവസ്സുലാക്കിക്കൊണ്ട് കൊണ്ട് പോകാറുണ്ടായിരുന്നുവെന്ന് മഹാൻ തന്നെ തന്റെ (തഫ്സീർ ബഹ്റുൽ ഉലൂം: 1/188)ലും വിശദീകരിച്ചതായി കാണാം. ഹനഫീ മദ്ഹബിലെ പ്രധാനപ്പെട്ട ഇമാമായ ഹിജ്റ:537.ൽ വഫാത്തായ ഇമാം അബൂ ഹഫ്സ്വ് നജ്മുദ്ദീൻ അന്നസഫീ(റ) ശൈഖുൽ ഇസ്ലാം അബുൽഹസൻ ഇബ്നുഹംസ അസ്സുഗ്വ്ദീ(റ) യുടെ ഫത്താവാ ക്രോഡീകരിച്ചു ആ ഫത്താവയിൽ അഹ്ലു

Sunnahclub.in

ബൈത്തിന്റെ മഹത്വം വിവരിച്ചു കൊണ്ട് പറയുന്ന കൂട്ടത്തിൽ സ്വഫ്ഫാരിയ്യീങ്ങളിൽ പെട്ട ഒരുശൈഖും തന്റെ അയൽവാസി യായ അബുൽഖാസിം അൽജിനാനീ(റ) എന്ന ഒരു സയ്യിദുമായുള്ള വിഷയത്തിൽ ആ ശൈഖ് സയ്യിദിനോട് അദബ്കേട് കാണിച്ചതു കാരണം ആ ശൈഖ് നബി(സ്വ)യെ സ്വപ്നത്തിൽ ദർശിക്കുകയും നബി (സ്വ) ആ സയ്യിദിനോട് അനാദരവു കാണിച്ചതിനെ ചോദ്യം ചെയ്യുകയും ചെയ്തപ്പോൾ താൻ ആ സയ്യിദിനെ തേടി പോകുകയും തന്റെ വീട്ടുപടിക്കൽ ചെന്ന് വാതിൽ തുറക്കുവോളം കാത്തിരിക്കുകയും വാതിൽ തുറന്ന് കൊടുത്തപ്പോൾ തന്നോട് മാപ്പപേക്ഷിക്കുകയും ചെയ്തു ആ സമയത്ത് ആ സയ്യിദ് ചോദിച്ചു നിങ്ങൾക്ക് എന്തു പറ്റി? അപ്പോൾ ആ ശൈഖ് പറഞ്ഞു: 'അങ്ങയുടെ ഉപ്പാപ്പയുടെ ഹഖ്കൊണ്ട് എന്നെ തൊട്ട് പൊരുത്തപ്പെടു കയും എനിക്ക് മാപ്പ് നൽകുകയും ചെയ്യണം, അങ്ങിനെ ആ സയ്യിദ് ശൈഖിന് മാപ്പ് നൽകുകയും ചെയ്തു' ഇമാം നജ്മുദ്ദീൻ അന്നഫീ(റ) (ഫത്താവാ ശൈഖിൽ ഇസ്‌ലാം അബു ൽ ഹസൻ അസ്സുഗ്‌വ്ദീ:പേജ്/40)ൽ ഉദ്ധരിച്ചതായി കാണാം. ഈ സംഭവത്തിൽ നബി(സ്വ)യുടെ ഹഖ്കൊണ്ട് തേട്ടം പഠിപ്പിക്കുകയാണ് ഇമാം നസഫീ(റ) ചെയ്യുന്നത്.

പുറമെ ഹനഫീ മദ്ഹബുകാരനായ സിറാജുൽ മില്ലത്തി വദ്ദീൻ എന്ന സ്ഥാനപ്പേരിൽ അറിയപ്പെട്ടിരുന്ന ഹിജ്റ :626.ൽ വഫാത്തായ ഇമാം അബൂയഅ്ഖൂബ് അസ്സക്കാക്കീ (റ) തന്റെ കിത്താബിന്റെ ആമുഖത്തിൽ 'മഹാനായ നബി(സ്വ) യുടെയും അവിടുത്തെ കുടുംബത്തിന്റേയും ഹഖ് കൊണ്ട് കിത്താബി ന്റെ പൂർത്തീകരണത്തിനായി അല്ലാഹു വിനോട് ദുആ ചെയ്യുന്നു.' ഇത് അദ്ദേഹത്തിന്റെ (മിഫ്ത്താഹുൽഉലൂം: പേജ്/72) ൽ കാണാവുന്നതാണ്.

ഹിജ്റ:743.ൽ വഫാത്തായ ഹനഫീ കർമ്മശാസ്ത്ര ഇമാമായ അൽഇമാം ഫഖ്,റുദ്ദീൻ അസ്സൈലഗ്വീ(റ) തന്റെ

(തബ്,യീനുൽ ഹഖാഇഖ്:15/60)ലും, ഹിജ്റ:762.ൽ വഫാത്തായ അൽഹാഫിള് അൽഫഖീഹ് അലാഉദ്ദീൻ മുഗ്‌,ലത്ത്വായ്(റ) തന്റെ (അന്നഫ്ഹത്തുൽ ജസീമഃ: പേജ് /102)ലും, ഹിജ്റ:775.ൽ വഫാത്തായ ഹനഫീ മദ്,ഹബിലെ ഇമാമായ അൽഇമാം അബുൽവഫാ(റ) തന്റെ(അൽജവാഹിർ അൽമുളിയ്യ:2/543)ലും, ഹിജ്റ:930.ൽ വഫാത്തായ അൽഇമാം ഇബ്നു ഇയാസ് അൽഹനഫീ(റ) തന്റെ(ബദാഇഉസ്സുഹൂർ: പേജ്/45)ലും മഹാനായ നബി(സ്വ)യുടെ 'ഹഖ്' കൊണ്ടും 'ജാഹ്' കൊണ്ടും 'നൂറു' കൊണ്ടുമൊക്കെ തവസ്സുൽ ചെയ്യുന്നതായി കാണാവുന്നതാണ്.

ഹനഫീ മദ്ഹബിലെ പിൽകാല പണ്ഡിതരിൽ പ്രമുഖരായ അല്ലാമാ മുർത്തളാഅസ്സബീദീ(റ)യും അല്ലാമാ അബ്ദുൽ ഹയ്യ് അല്ലക്നവീ(റ)യും അവരുടെ കിത്താബുകളിൽ തവസ്സുൽ ചെയ്യുന്നത് നമുക്ക് വായിക്കാം. അല്ലാമാ സബീദീ(റ) മഹാനായ സയ്യിദുനാ സൈനുൽആബിദീൻ അലി ഇബ്നുൽ ഹുസൈൻ(റ)വിനെ കൊണ്ട് തവസ്സുൽ ചെയ്ത് പ്രാർത്ഥിക്കുന്നു: 'അല്ലാഹുവേ നീ പ്രത്യേകമായി തെരഞ്ഞെടുത്തവരുടെ ജാഹ് കൊണ്ടും ഹഖ് കൊണ്ടും ഈ പ്രയാസം അനുഭവിക്കുന്ന ഞാൻ നിന്നോട് ചോദിക്കുന്നു.' അല്ലാമാ സബീദീ(റ) തന്റെ (ഇത്ത്ഹാഫുസ്സാദത്തിൽ മുത്തഖീൻ:4/382)ൽ ദുആ ചെയ്യുന്നതായി കാണാം. അല്ലാമാ അല്ലക്നവീ(റ) തന്റെ ഹിദായ എന്ന ഹനഫീ കർമ്മ ശാസ്ത്ര കിത്താബിന്റെ വ്യാഖ്യാനത്തിന്റെ ആമുഖത്തിൽ നബി(സ്വ)യുടെ മഹത്വം കൊണ്ടും അവിടുത്തെ കുടുംബത്തിന്റെ മഹത്വം കൊണ്ടും ഇടതേട്ടം നടത്തി പ്രാർത്ഥിക്കുന്നു. ഇത് (ശറഹുൽഹിദായ: 1/11)യിൽ കാണാവുന്നതാണ്. അതു പോലെ ഹനഫീ മദ്ഹബിലെ പിൽകാല ഇമാമുകളിൽ പെട്ട അല്ലാമാ അലാഉദ്ദീൻ അൽ അസ്വകഫീ(റ) തന്റെ കിത്താബിന്റെ ആമുഖത്തിൽ

Sunnahclub.in

മഹാനായ തിരുനബി(സ്വ)യുടെ 'ജാഹ്' കൊണ്ട് തവസ്സുൽ ചെയ്യുന്നുണ്ട്.(അദ്ദുർ,റുൽ മുഖ്ത്താർ:പേജ്/16).

ഹനഫീ മദ്ഹബിലെ ഖാത്തിമത്തുൽ മുഹഖിഖീൻ എന്ന സ്ഥാനപ്പേരിൽ അറിയപ്പെടുന്ന ഇമാമായ അൽഅല്ലാമാ ഇബ്നു ആബിദീൻ(റ) മഹാനായ മുത്ത് നബി(സ്വ)യുടെ ''ജാഹ്'' കൊണ്ട് തവസ്സുൽ നടത്തുന്നത് അവിടുത്തെ (തൻ,ഖീഹുൽ ഫത്താവാ അൽഹാമിദിയ്യ:7/417)ൽ കാണാം.

മഹാനായ രണ്ടാം ഖലീഫ സയ്യിദുനാ ഉമർ(റ)വിന്റെ ഭരണ കാലത്ത് മഹാന്മാരായ സയ്യിദുനാ സഅ്ദുബ്നു അബീ വഖ്ഖാസ്(റ), സയ്യിദുനാ ഖാലിദുബ്നുൽ വലിദ്(റ) എന്നി വരുടെ നേതൃത്വത്തിൽ കിസ്,റാ പട്ടണത്തിലേക്ക് സൈന്യ ത്തെ അയക്കുകയും അങ്ങിനെ അവർ ഇറാഖിലെ ടൈഗ്രീസ് നദിയുടെ തീരത്ത് എത്തിയ സമയത്ത് അവർക്ക് യാത്ര ചെയ്യാൻ കപ്പൽ ലഭിച്ചതുമില്ല, ആ സമയത്ത് ഖാലിദുബ്നുൽ വലീദ്(റ)വും സഅ്ദുബ്നു അബീ വഖാസ്(റ)വും പറഞ്ഞു: “ഓ സമുദ്രമേ, നീ അല്ലാഹുവിന്റെ കല്പന പ്രകാരമാണ് ഒഴുകുന്നതെങ്കിൽ മഹാനായ മുഹമ്മദ് നബി(സ്വ)യുടെ 'ഹുർമത്ത്' (മഹത്വം) കൊണ്ടും അവിടുത്തെ ഖലീഫ സയ്യിദു നാ ഉമർ(റ)വിന്റെ നീതി കൊണ്ടും ഞങ്ങൾക്ക് അക്കരെ കടക്കാൻ നീ വഴിയൊരുക്കണം. അങ്ങിനെ ആ സൈന്യം അവരുടെ കുതിരകളുമായി നദിയിലൂടെ നടന്ന് അക്കരെ കടക്കുകയും ചെയ്തു. അവരുടെ കുതിരകളുടെ കുളമ്പുകൾ പോലും നനവ് പറ്റിയിരന്നില്ല.”

ഈ സംഭവം മഹാനായ അൽഇമാം മുഹിബ്ബുത്ത്വബരീ(റ) വും, അൽഇമാം തഖിയ്യുദ്ദീൻ അൽഹിസ്വ്നീ(റ)വും, അല്ലാമാ ശാഹ് വലിയ്യുല്ലാഹ് അദ്ദഹ്,ല വീ അൽ ഹനഫീ(റ) ഉൾപ്പെടെ നിരവധി ഇമാമുകൾ ഉദ്ധരിച്ചു പഠിപ്പിക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. ഈ നിലക്കുള്ള 'ഹഖ്' കൊണ്ടും 'ഹുർമത്ത്' കൊണ്ടും ''ജാഹ്'' കൊണ്ടുമൊക്കെയുള്ള തവ

Sunnahclub.in

സ്സുൽ ഹനഫീ മദ്ഹബിലെ എന്നല്ല നാലു മദ്ഹബിലെ ഇമാമുകളുടെ കിത്താബുകളിലും മുഫസ്സിറുകളും, മുഹദ്ദിസുകളും, ഹുഫാളുകളും തുടങ്ങി വിശുദ്ദ ഇസ്‌ലാമിന്റെ കാവലാളുകളായ ഇമാമുകളുടെ വ്യത്യസ്ഥ വിഷയങ്ങളിൽ രചിക്കപ്പെട്ട നിരവധി കിത്താബുകളിലും നമുക്ക് ധരാളം കാണാൻ സാധിക്കുന്നതാണ്. അതിൽ നിന്നെല്ലാം നമുക്ക് വ്യക്തമാണ് ഇമാം അബൂ ഹനീഫ(റ) കറാഹത്താണെന്ന് പറഞ്ഞ 'ഹഖ്' കൊണ്ടുള്ള തേട്ടം നാം ചെയ്യുന്ന മഹാന്മാരുടെ മഹത്വം കൊണ്ടും മറ്റും ഇടതേട്ടം നടത്തുന്നതിനെ പറ്റിയല്ലാ എന്ന വസ്തുത.

ചുരുക്കത്തിൽ ബഹുഭൂരിപക്ഷം ഇമാമുകളും അല്ലാഹു അല്ലാത്തവരെ കൊണ്ട് സത്യം ചെയ്യൽ അനുവദനീയമല്ലെന്നാണ് പഠിപ്പിച്ചിട്ടുള്ളത്. അതേ ആശയത്തിലാണ് ഇമാം അബൂഹനീഫ(റ) വിലക്കിയ 'ഹഖ്' കൊണ്ടുള്ള തേട്ടം കൊണ്ട് ലക്ഷ്യമാക്കുന്നതെന്നാണ് പണ്ഡിതന്മാർ വിശദീകരിച്ചിട്ടുള്ളത്.

Sunnahclub.in

# ഇമാം അബൂ ഹനീഫ(റ) തന്നെ തവസ്സുൽ ചെയ്യുന്നു.

ഇമാം അബൂഹനീഫ(റ) മഹാന്മാരെ കൊണ്ട് തവസ്സുൽ ചെയ്യുക യും നബി(സ്വ)യോട് ഇസ്തിഗാസ നടത്തുകയും തന്റെ ശിഷ്യന്മാരോട് മഹാന്മാരുടെ മഖ്ബറകൾ സന്ദർശിച്ചു ബറക്കത്തെടുക്കാൻ കല്പിക്കുകയും ചെയ്ത മഹാനാണ്. നമു ക്ക് അതിലേക്ക് പ്രവേശിക്കാം.

ഇമാം അബൂഹനീഫ(റ) മഹാനായ നബി(സ്വ)യുടെ അരികിൽ വന്ന് 'ഓ സയ്യിദുമാരുടെ സയ്യിദായ നബിയേ അങ്ങയുടെ കാവലും പൊരുത്തവും ആഗ്രഹിച്ചു കൊണ്ട് ഞാൻ അവിടുത്തിന്റെ സവിധത്തിൽ ഇതാ വന്നിരി ക്കുന്നു നബിയേ' എന്ന് തുടങ്ങിയുള്ള സഹായതേട്ടം നടത്തിയത് ഇമാം അബൂഹനീഫ(റ)വിന്റെ കാവ്യ സമാ ഹാരമായ 'അൽ ഖസ്വീദത്തുന്നുഅ്മാനിയ്യ'' എന്ന പേരിൽ ഇപ്പോഴും ലോക ത്തിന്റെ വിവധ ഭാഗങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുകയും വിപ ണിയിയിൽ ലഭിക്കപ്പെടുകയും ചെയ്യുന്ന കിതാബിൽ കാണാ വുന്നതാണ്. ആ കവിതാ സമാഹാരത്തിന്റെ കയ്യെഴുത്ത് പ്രതി ഇപ്പോഴും സൗദിയിലെ രിയാളിലുള്ള 'ജാമിഅത്തു മലിക്കി സുഊദ് യൂണി വേഴ്സിറ്റി'യിൽ ലഭ്യവുമാണ്, ഈ കവിത യിലെ ഇസ്തിഗാസ നടത്തിയ വരികൾ ധാരാളം പണ്ഡി തന്മാർ അവരുടെ കിത്താബുകളിൽ എടുത്തുദ്ധരിക്കുകയും ചെയ്തിട്ടു

Sunnahclub.in

ള്ളതായും നമുക്ക് കാണാവുന്നതാണ്. അതുപോലെ മഹാന്മാർ നബി(സ്വ)യോട് അഭയം തേടുകയും ഇസ്തിഗാസ നടത്തുകയും ചെയ്ത സംഭവങ്ങളും ഇമാം അബൂ ഹനീഫ(റ) റിപ്പോർട്ട് ചെയത് പഠിപ്പിച്ചതായി ഒന്നിലധികം ഇമാമുകൾ അവരുടെ കിത്താബുകളിൽ ഉദ്ധരിക്കുന്നതായും നമുക്ക് കാണാവുന്നതാണ്. എന്നല്ല ഇമാം അബൂഹനീഫ(റ) ഹജ്ജിനു പോയ സമയത്ത് മഹാനായ നബി(സ്വ)യുടെ അരികിൽ ചെന്ന് സൂറ:അന്നിസാഅ്:64. സൂക്തം പാരായണം ചെയ്തു കൊണ്ട് സഹായതേട്ടം നടത്തിയ സംഭവവും ഇമാമുകൾ ഇമാം അബൂഹനീഫ(റ)വിൽ നിന്ന് ഉദ്ധരിക്കുന്നുണ്ട്.

Sunnahclub.in

# തിരു നബി(സ)യും സ്വഹാബത്തും ഹഖ് ജാഹ് കൊണ്ട് തേടുന്നു

ഹിജ്റ:275.ൽ വഫാത്തായ ഇമാം അബൂ അബ്ദില്ലാഹ് മുഹമ്മദ് ബ്നു ഇസ്ഹാഖ് അൽഫാക്കിഹീ അൽമക്കീ(റ) സ്വഹാബത്തിൽ നിന്ന് ഉദ്ധരിക്കുന്ന ദീർഘമായ സംഭവത്തിൽ പറയുന്നു:

حَدَّثَنَا أَبُو بَكْرِ بْنِ مُحَمَّدِ بْنِ عُبَيْدِ بْنِ سُفْيَانِ الْأُمَوِي عَنْ إِسْمَاعِيلِ بْنِ أَبَّانِ الْعَامِرِي، قَالَ: حَدَّثَنَا سُفْيَانُ الثَّوْرِيُّ، عَنْ طَارِقِ بْنِ عَبْدِ الْعَزِيزِ عَنِ الشَّعْبِيِّ، قَالَ: لَقَدْ رَأَيْتُ عَجَبًا كُنَّا بِفِنَاءِ الْكَعْبَةِ أَنَا وَعَبْدُ اللهِ بْنُ عُمَرَ وَعَبْدُ اللهِ بْنُ الزُّبَيْرْ وَمِصْعَبُ بْنِ الزُّبَيْرِ وَعَبْدِ الْمَلِكِ بْنِ مَرْوَانْ، فَقَالَ الْقَوْمُ بَعْدَ أَنْ فَرَغُوا مِنْ حَدِيثِهِمْ: لِيَقُمْ رَجُلٌ فَلْيَأْخُذْ بِالرُّكْنِ الْيَمَانِي فَلْيَسْأَلِ اللهَ تَعالَى حَاجَتَهُ فَإِنَّهُ يُعْطِي مِنْ سَعَتِهِ، قُمْ يَا عَبْدَ اللهِ بْنِ الزُّبَيْرِ فَإِنَّكَ أَوَّلُ مَوْلُودٍ وُلِدَ فِي الْهِجْرَةِ فَقَامَ فَأَخَذَ بِالرُّكْنِ الْيَمَانِيِّ ثُمَّ قَالَ: أَللهم إِنَّكَ عَظِيمٌ تُرْجَى لِكُلِّ عَظِيمٍ أَسْأَلُكَ بِحُرِمَةِ وَجْهِكَ وَحُرْمَةِ عَرْشِكَ وَحُرْمَةِ بَيْتِكَ أَنْ لاَ تُمِيتَنِي مِنَ الدُّنْيَا حَتَّى تُوَلِّيَنِي الْحِجَازَ وَيُسَلِّمَ عَلَيَّ بِالْخِلاَفَةِ. ............ فَقَالُوا: قُمْ يَا عَبْدَ الْمَلِكِ بْنِ مَرْوَانَ فَقَامَ فَأَخَذَ بِالرُّكْنِ الْيَمَانِي فَقَالَ: أَللهم رَبِّ السَّمَوَاتِ السَّبْعِ وَرَبِّ الْأَرْضِ......... وَأَسْأَلُكَ بِحُرْمَةِ وَجْهِكَ وَأَسْأَلُكَ بِحَقِّكَ عَلىَ جَمِيعِ خَلْقِكَ وَبِحَقِّ الطَّائِفِينَ حَوْلَ بَيْتِكَ......الخ.

- أَخْبَارُ مَكَّةَ فِي قَدِيمِ الدَّهْرِ وَحَدِيثِهِ:141/1) لِلْفَاكِهِي-275ه،

Sunnahclub.in

- مجابو الدعوة:ص/65)لابن أبي الدنيا-281هـ،
- كرامات الاولياء :ص/125-126) للالكائي-439هـ،
- وفيات الأعيان:29/3)لابن خلكان-681هـ،
- الإعلام بفضائل بيت الله الحرام:ص/65-66) لملا علي القاري-1014هـ

ഇമാം ഫാക്കിഹീ(റ) ഉദ്ധരിക്കുന്നു: ഹിജ്റ:100.ൽ വഫാത്തായ താബിഈ പ്രമുഖനും മുഹദ്ദിസും ഫഖീഹുമായ ഇമാം ശഅ്ബീ(റ) പറയുന്നു: 'ഞാനും അബ്ദുല്ലാഹിബ്നു ഉമർ(റ)വും അബ്ദുല്ലാഹിബ്നു സുബൈർ(റ)വും മിസ്വ്അബ് ഇബ്നു സുബൈർ(റ)വും അബ്ദുൽ മലിക്ക് ഇബ്നു മർവാൻ (റ)വും കഅ്ബയുടെ ചാരത്ത് ഇരിക്കുക യായിരുന്നു. ആ സമയത്ത് ജനങ്ങൾ അവരുടെ സംസാരത്തിൽ നിന്നും വിരമി ച്ചപ്പോൾ പറഞ്ഞു നിങ്ങളിൽ ഒരാൾ എഴുന്നേറ്റ് റുക്നുൽ യമാനിയിൽ പിടിച്ചുകൊണ്ട് അല്ലാഹുവിനോട് തന്റെ ആവശ്യ ങ്ങൾ ചോദിക്കുക, അല്ലാഹു നൽകുന്നതാണ്. ഓ, അബ്ദു ല്ലാഹി ബ്നു സുബൈർ.. നിശ്ചയം താങ്കൾ ഹിജ്റക്ക് ശേഷം ആദ്യമായി ജനിച്ച കുട്ടിയല്ലേ എഴുന്നേൽക്കുക അങ്ങിനെ മഹാൻ എഴുന്നേറ്റു റുക്നുൽയമാനിയിൽ പിടിച്ചുപറഞ്ഞു: അല്ലാ ഹുവേ നീ വലിയ മഹാനും മഹത്വമുള്ളവനുമാണ് എല്ലാ മഹത്വമുള്ളതും ആഗ്രഹിക്കപ്പെടുന്നവനുമാണ് നിന്റെ മഹത്വം കൊണ്ടും നിന്റെ അർശിന്റെ മഹത്വം കൊണ്ടും നിന്റെ ഭവനത്തിന്റെ മഹത്വം കൊണ്ടും ഹിജാസിന്റെ അധി കാരവും ഭരണവും എനിക്ക് നൽകുന്നതു വരെ എന്നെ നീ മരിപ്പിക്കരുതേ... ജനങ്ങൾ അബ്ദുൽ മലിക്ക് ഇബ്നു മർവാ ൻ(റ)വിനോട് പറഞ്ഞു എഴുന്നേൽക്കുക അങ്ങിനെ അവർ റുക്നുൽ യമാനിയിൽ പിടിച്ചു കൊണ്ട് പറഞ്ഞു: ഏഴാകാശ ങ്ങളുടേയും ഭൂമികളുടേയും അധിപനായ നാഥാ... നിന്റെ ബഹുമാനം കൊണ്ടും മുഴുവൻ സൃഷ്ടികളുടെ മേലിലും

Sunnahclub.in

നിനക്കുള്ള ഹഖ്കൊണ്ടും കഅ്ബ ത്വവാഫ് ചെയ്യുന്നവരുടെ ഹഖ് കൊണ്ടും നിന്നോട് ഞാൻ ചോദിക്കുന്നു... ഇമാം ഫാക്കിഹീ(റ) തന്റെ (**അഖ്ബാറു മക്ക ഫീഖദീമിദ്ദഹ്രി വഹദീസിഹീ:1/141**) ൽ റിപ്പോർട്ട് ചെയ്തു പഠിപ്പിക്കുന്നതായി കാണാം.

ഈ സംഭവത്തിൽ മഹാന്മാരായ സ്വഹാബത്ത് ത്വവാഫ് ചെയ്യുന്നവരുടെയും അർശിന്റെയും മറ്റു സജ്ജനങ്ങളു ടേയും ഹഖ് കൊണ്ട് തവസ്സുൽ ചെയ്യുകയാണ് ചെയ്യുന്നത്. ഇതേ സംഭവം ഹിജ്റ:281.ൽ വഫാത്തായ ഹാഫിള് ഇബ്നു അബിദ്ദുൻയാ(റ) തന്റെ (മുജാബുദ്ദഅ്വ:പേജ്/109-110) ലും റിപ്പോർട്ട് ചെയ്തതായി കാണാം മഹാന്റെ റിപ്പോർട്ടിൽ 'ഹുർമത്തി ബൈത്തിക്ക' എന്ന സ്ഥലത്ത് 'ഹുർമത്തി നബിയ്യിക്ക(സ്വ)' (നബി(സ്വ)യുടെ മഹത്വം കൊണ്ട്) എന്നാണുള്ളത്, ഹാഫിള് ഇബ്നു അബിദ്ദുൻയാ(റ) റിപ്പോർട്ട് ചെയ്തതു പോലെ 'ഹുർമത്തി നബിയ്യിക്ക(സ്വ)' എന്ന് തന്നെയാണ് ഹിജ്റ:439ൽ വഫാത്തായ ഹാഫിള് ഹിബത്തുള്ളാഹ് അല്ലാലിക്കാഈ(റ) തന്റെ (കറാമാത്തുൽ ഔലിയാഅ്:പേജ്/125)ലും, ഹിജ്റ: 571ൽ വഫാത്തായ ഹാഫിള് അബുൽഖാസിം ഇബ്നു അസാക്കിർ(റ)തന്റെ (താരീഖു മദീനത്തിദിമശ്ഖ്:33/173)ലും, ഹിജ്റ:681.വഫാത്തായ ഇമാം ഇബ്നുഖല്ലിക്കാൻ(റ) തന്റെ (വഫയാത്തുൽ അഅ്യാൻ:3/29)ലും, ഹിജ്റ:1014.ൽ വഫാത്തായ പിൽകാല ഹനഫീ മദ്ഹബിലെ ഇമാമുകളിൽ പ്രമുഖനായ അല്ലാമ മുല്ലാ അലീ അൽഖാരീ(റ) തന്റെ(അൽഇഅ്ലാം ബിഫളാഇലി ബൈത്തില്ലാഹിൽ ഹറാം: പേജ്/65-66)ലും മറ്റു നിരവധി ഇമാമുകളും ഈ സംഭവം റിപ്പോർട്ടു ചെയ്ത് പറഞ്ഞിട്ടുള്ളത്. അഥവാ സ്വഹാബത്ത് ഹഖ് കൊണ്ട് തവസ്സുൽ

Sunnahclub.in

ചെയ്ത സംഭവം ഈ ഇമാമുകളൊക്കെ നമ്മെ പഠിപ്പിക്കുകയാണ് ചെയ്യുന്നത്.

## നബി(സ്വ) തന്നെ ഹഖ് കൊണ്ട് തവസ്സുൽ ചെയ്തു ദുആ ചെയ്യാൻ കൽപിക്കുന്നു

عَنْ أَبِي سَعِيدِ الْخُدْرِيِّ، عَنِ النَّبِيِّ، قَالَ: [مَنْ خَرَجَ مِنْ بَيْتِهِ إِلَى الصَّلاَةِ فَقَالَ: أَللهم إِنِّي أَسْأَلُكَ بِحَقِّ السَّائِلِينَ عَلَيْكَ وَأَسْأَلُكَ بِحَقِّ مَمْشَايَ هَذَا فَإِنِّي لَمْ أَخْرُجْ أَشَرًا وَلاَبَطَرًا وَلاَ رِيَاءً وَلاَ سُمْعَةً وَخَرَجْتُ اتِّقَاءَ سَخَطِكَ وَابْتِغَاءَ مَرْضَاتِكَ فَأَسْأَلُكَ أَنْ تُعِيذَنِي مِنَ النَّارِ وَأَنْ تَغْفِرَلِي ذُنُوبِي إِنَّهُ لاَيَغْفِرُالذُّنُوبَ إِلاَّ أَنْتَ أَقْبلَ اللهُ عَلَيْهِ بِوَجْهِهِ وَاسْتَغْفَرَ لَهُ سَبْعُونَ أَلْفُ مَلَكٍ.

أَخْرَجَهُ ابْنُ مَاجَةَ، فِي (السُّنَن: 1/256) :وَأَحْمَدُ، فِي(الْمُسْنَدِ :3/21) وَالطَّبَرَانِيُّ، فِي(الدُّعَاءِ :1/90)وغَيْرُهُمْ. وَقَدْ حَسَّنَهُ جَمْعٌ مِنَ الْحُفَّاظِ مِنْهُمُ الْحَافِظُ الدِّمْيَاطِيُّ، فِي(الْمَتْجَرِ الرَّابِحِ:ص (471/وَالْحَافِظُ أَبُو الْحَسَنِ الْمَقْدِسِيُّ شَيْخُ الْحَافِظِ الْمُنْذِرِيِّ كَمَا فِي(التَّرْغِيبِ وَالتَّرْهِيبِ:ص (90/وَالْحَافِظُ الْعِرَاقِيُّ، فِي(تَخْرِيجِ أَحَادِيثِ الْإِحْيَاءِ (1/291) وَالْحَافِظُ ابْنُ حَجَرْ هَذَا حَدِيثٌ حَسَنٌ أَخْرَجَهُ أَحْمَدُ عَنْ يَزِيدَ بْنِ هَارُونْ عَنْ فُضَيْلِ بْنِ مَرْزُوقً. (نَتَائِجُ الأَفْكَارِ فِي تَخْرِيجِ أَحَادِيثِ الأَذْكَارْ (1/268 ) وَقَالَ الْحَافِظُ الْبُوصِيرِيُّ، فِيمِصْبَاحِ الزُّجَاجَةِ:(1/98 ):لَكِنْ رَوَاهُ الْحَافِظُ ابْنُ خُزَيْمَةَ فِي صَحِيحِهِ مِنْ طَرِيقِ فُضَيْلِ بْنِ مَرْزُوقٍ، فَهُوَ صَحِيحٌ عِنْدَهُ.

അബൂസഈദ് അൽഖുദ്‌രിയ്യ്(റ) മഹാനായ തിരുനബി (സ്വ)യിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു: 'ഒരാൾ തന്റെ വീട്ടിൽ നിന്നും നിസ്കാരത്തിനായി പള്ളിയിലേക്ക് പുറപ്പെടുകയും ആ സമയ ത്ത് അവൻ പറയുകയും ചെയ്തു, "അല്ലാഹുവേ നിന്നോട് ചോദിക്കുന്നവരുടെ ഹഖ് കൊണ്ടും പള്ളിയിലേക്ക് നടന്ന് പോകുന്നവരുടെ ഹഖ്കൊണ്ടും ഞാൻനിന്നോട് ചോദിക്കുന്നു, നിശ്ചയം ഞാൻപുറപ്പെട്ടിട്ടുള്ളത് അഹങ്കാ

രിയായിട്ടോ ലോകമാന്യമുള്ളവനായിട്ടോ ജനങ്ങൾ എന്നെ കുറിച്ച് നല്ലവനാണെന്ന് പറയാൻ വേണ്ടിയോ അല്ല, മറിച്ച് ഞാൻ നാഥനാകുന്ന നിന്റെ കോപത്തെ ഭയപ്പെട്ടതുകൊണ്ടും നിന്റെ പ്രീതി ആഗ്രഹിച്ചുമാണ് പുറപ്പെട്ടിട്ടുള്ളത്. അതു കൊണ്ട് തന്നെ നരകത്തെ തൊട്ട് കാവലും എന്റെ പാപങ്ങൾ പൊറുത്ത് തരലിനേയും നിന്നോട് ഞാൻ ചോദിക്കുന്നു. നീ അല്ലാതെ പൊറുത്ത് തരുന്നവനില്ലല്ലോ റബ്ബേ..” എന്ന് ദുആ ചെയ്താൽ അല്ലാഹു ആ വ്യക്തിയിലേക്ക് മുന്നിടുകയും എഴുപ തിനായിരം മലക്കുകൾ ആ വ്യക്തിക്ക് വേണ്ടി പൊറുക്കലിനെ തേടുകയും ചെയ്യുന്നതാണ്”.

ഈ ഹദീസ് ഇമാം ഇബ്നുമാജ(റ) (സുനൻ:1/256)ലും ഇമാം അഹ്മദ്(റ) തന്റെ(അൽമുസ്നദ്:3/21)ലും ഇമാം ത്വബ റാനീ(റ) തന്റെ(കിത്താബുദ്ദുആഅ്:1/90)ലും മറ്റു മുഹദ്ദിസു കളും റിപ്പോർട്ട് ചെയ്തതായി കാണാം. ഈ ഹദീസ് സ്വീകാര്യ യോഗ്യമാണെന്ന് നിരവധി മുഹദ്ദിസുകൾ പഠിപ്പിക്കുന്നതായി കാണാം. ഹാഫിള് അദ്ധിംയാത്വീ(റ)തന്റെ (അൽ മത്ത്ജർ അൽ റാബിഹ്:പേജ്/471)ലും. ഹാഫിള് അൽമുൻദിരീ(റ) തന്റെ ശൈഖിൽ നിന്ന് തന്റെ (അത്തർഗ്വീബു വത്തർഹീ ബ്:പേജ്/90)ലും ഹാഫിളുൽഇറാഖീ(റ) തന്റെ(തഖ്രീജു അ ഹാദീസിൽ ഇഹ്യാഇ:1/291)ലും, ഹാഫിള് ഇബ്നുഹജരിൽ അസ്ഖലാനീ(റ) തന്റെ(നത്താഇജുൽ അഫ്ക്കാർ: 1/268)ലും, ഹാഫിള് അൽബൂസ്വീരീ(റ) തന്റെ (മിസ്വ്ബാഹു സ്സുജാജ: 1/98)ലും മറ്റും ഇത് സ്വീകാര്യമായ പരമ്പരയി ലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ട ഹദീസാണെന്ന് പഠിപ്പിക്കുന്നതായും കാണാവുന്ന താണ്. ഈ ഹദീസിൽ പറഞ്ഞ ’ഹഖ്’കൊണ്ട് ഉദ്ധേശിക്ക പ്പെടുന്നത് മഹത്വവും സ്ഥാനവുമാണെന്ന് ഇമാമുകൾ പറ ഞ്ഞത് മുമ്പ് നാം ഉദ്ധരിച്ചിട്ടുണ്ട്, അല്ലാഹുവിന് വല്ല ബാധ്യതയും ഉണ്ടെന്ന അർത്ഥത്തിലല്ല എന്ന് നമുക്ക് മനസ്സി ലാക്കാം.

Sunnahclub.in

ഇനി ലോകത്തിന്റെ നേതാവായ മഹാനായ നബി(സ്വ) തന്നെ ഹഖ്കൊണ്ട് ഇടതേട്ടം നടത്തിയത് ഇങ്ങനെ വായിക്കാം

أَخْرَجَ الطَّبَرَانِيُّ فِي الْكَبِيرِ وَالْأَوْسَطِ وَرِجَالُ إِسْنَادِهِ ثِقَاتٌ... عَنْ أَنَسٍ ﷺ قَالَ: لَمَّا تُوُفِّيَتْ فَاطِمَتُ بِنْتِ أَسَدٍ أُمِّ عَلِيٍّ رَضِيَ اللهُ عَنْهُ دَخَلَ عَلَيْهَا رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ فَجَلَسَ عِنْدَ رَأْسِهَا فَقَالَ: رَحِمَكِ اللهُ يَا أُمِّي كُنْتِ أُمِّي بَعْدَ أُمِّي ........ أَنَّهُ لَمَّا حُفِرَ قَبْرُهَا وَبَلَغُوا اللَّحْدَ حَفَرَهُ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ بِيَدِهِ وَأَخْرَجَ تُرَابَهُ بِيَدِهِ، فَلَمَّا فَرَغَ دَخَلَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ فَاضْطَجَعَ فِيهِ ثُمَّ قَالَ: أَللهُ الَّذِي يُحْيِي وَيُمِيتُ وَهُوَ حَيٌّ لاَ يَمُوتُ، أَللهم اغْفِرْ لِأُمِّي فَاطِمَةَ بِنْتِ أَسَدٍ وَلَقِّنْ حُجَّتَهَا، وَوَسِّعْ عَلَيْهَا مَدْخَلَهَا بِحَقِّ نَبِيِّكَ وَالْأَنْبِيَاءِ الَّذِينَ مِنْ قَبْلِي فَإِنَّكَ أَرْحَمُ الرَّاحِمِينْ.

(اَلْمُعْجَمُ الْكَبِيرْ:351/24) وفِي(الْأَوْسَطِ:67/1) وَرَوَاهُ أَبُونُعَيْمٍ، فِي(حِلْيَةُ الْأَوْلِيَاءِ:121/3) وَالْهَيْثَمِيُّ، فِي(مَجْمَعِ الزَّوَائِدِ:257/9) وَالشَّامِيُّ، فِي(سُبُلِ الْهُدَى وَالرَّشَادِ:246-245/12) وَالسُّمْهُودِيُّ، فِي(وَفَاءِ الْوَفَا:899/3) و(1373/4) و(خُلاَصَةِ الْوَفَا:128/1) وقال وَسَنَدُهُ جَيِّدٌ، وَالْهَيْتَمِيُّ، فِي(الْجَوْهَرِ الْمُنَظَّمْ:ص/150)وَقَال: رَوَاهُ الطَّبَرَانِيُّ بِسَنَدٍ جَيِّدٍ، وَ(تُحْفَةُ الزُّوَّارِ:ص/56) وَالْهِنْدِيُّ، فِي(كَنْزِ الْعُمَّالِ:147/12)، وَالشَّوْكَانِيُّ، فِي(دَرِّ السَّحَابَةِ فِي مَنَاقِبِ الْقَرَابَةِ وَالصَّحَابَةِ:ص/539) وَقَالَ:أَخْرَجَ الطَّبَرَانِيُّ فِي الْكَبِيرِ، وَالْأَوْسَطِ وَرِجَالُ إِسْنَادِهِ ثِقَاتٌ.

ഇമാം ത്വബറാനീ(റ) സ്വഹാബിയും തിരുനബി(സ്വ)ക്ക് പത്ത് വർഷം സേവനം ചെയ്യുകയും ചെയ്ത മഹാനമായ അനസ്(റ)വിൽ നിന്ന് ഉദ്ധരിച്ചു കൊണ്ട് പറയുന്നു: 'സയ്യിദുനാ അലീ(റ)വിന്റെ മാതാവ് മഹതിയായ ഫാത്വിമ ബിൻത്ത് അസദ്(റ) വഫാത്തായ സമയത്ത് മഹാനായ നബി(സ്വ) അവരുടെ ജനാസയുടെ അരികിലേക്ക് കടന്നു വന്ന് അവരുടെ തലയുടെ ഭാഗത്ത് ഇരിക്കുകയും അങ്ങേക്ക് അല്ലാഹു അനുഗ്രഹം ചൊരിയട്ടേ, എന്റെ ഉമ്മാ നിങ്ങൾ എന്റെ ഉമ്മക്ക് ശേഷമുള്ള എന്റെ ഉമ്മയാണ്..... എന്ന് തുടങ്ങി മഹതിയെ

Sunnahclub.in

കുറിച്ച് അനുസ്മരിക്കുകയും ചെയ്തു. അങ്ങിനെ മഹതിയുടെ ജനാസ കുളിപ്പിക്കലും മറ്റും നബി(സ്വ)യുടെ നേതൃത്വത്തിൽ നടന്നു. തുടർന്ന് മഹതിക്ക് വേണ്ടി ഖബ്റു കുഴിക്കുകയും കീഴ്ഖബ്റു എത്തിയപ്പോൾ നബി(സ്വ) തന്നെ തന്റെ സ്വന്തം കൈ കൊണ്ട് ഖബ്റു കിളക്കുകയും അതിലുള്ള മണ്ണ് തന്റെ പവിത്രമാക്കപ്പെട്ട കൈകളെ കൊണ്ട് എടുത്തുമാറ്റുകയും ചെയ്തു. അങ്ങിനെ ഖബ്റു കുഴിക്കൽ കഴിഞ്ഞപ്പോൾ മഹാനായ നബി(സ്വ) ആ ഖബ്റിൽ ഇറങ്ങി കിടക്കുക യും ശേഷം പറയുകയും ചെയ്തു: ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും അല്ലാഹുവാണ്. അല്ലാഹു മരണമില്ലാതെ എന്നെന്നും ജീവിച്ചിരിക്കുന്നവനാണ് അല്ലാഹുവേ നിന്റെ നബിയാകുന്ന എന്റെ ഹഖ് കൊണ്ടും എന്റെ മുമ്പ് കഴിഞ്ഞുപോയ അമ്പിയാക്കളുടെ ഹഖ് കൊണ്ടും എന്റെ ഉമ്മ ഫാത്വിമാ ബിൻത്ത് അസദ്(റ)യുടെ ഖബ്റു നീ വിശാലമാക്കുകയും അവരുടെ പാപങ്ങൾ നീ പൊറുത്ത് കൊടുക്കുകയും ചെയ്യേണമേ, നീ അനുഗ്രഹം ചെയ്യുന്നവരിൽ ഏറ്റവും അനുഗ്രഹം ചെയ്യുന്ന നാഥനല്ലേ" എന്ന് ദുആ ചെയ്യുകയും ചെയ്തു.

ഈ ഹദീസ് ഇമാം ത്വബറാനീ(റ) തന്റെ (അൽമുഅ്ജമുൽകബീർ:24/351)ലും, തന്റെ (അൽമുഅ്ജമുൽ ഔസ്വത്വ്: 1/67)ലും ഹാഫിള് അബൂനഐം(റ) തന്റെ(ഹിൽയത്തുൽ ഔലിയാഅ്:3/121)ലും, ഹാഫിളുൽ ഹൈസമീ(റ) തന്റെ (മജ്മഉസ്സവാഇ ദ്:9/257)ലും, ഇമാം സ്വാലിഹീ അശ്ശാമീ(റ) തന്റെ (സുബുലുൽഹുദാ വർറശാദ്:12/245)ലും, ഹാഫിളുസ്സുംഹൂദീ(റ) തന്റെ(വഫാഉൽവഫാ:3/899)(4/1373)ലും ഇമാം സുംഹൂദീ(റ) തന്നെ തന്റെ(ഖുലാസ്വത്തുൽവഫാ:1/128)ൽ ഉദ്ധരിക്കുകയും പരമ്പര ഏറ്റവും നല്ല പരമ്പരയാണെന്ന് പറയുകയും ചെയ്തിട്ടുണ്ട്. ഇമാം ഇബ്നുഹജർ അൽ ഹൈത്തമീ(റ) ഇമാം ത്വബറാനീ(റ) ഇത് ഏറ്റവും നല്ല പരമ്പരയോ

Sunnahclub.in

ടെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് തന്റെ(അൽ ജൗഹറുൽ മുന ള്ളം:പേജ്/150)ലും തന്റെ തന്നെ (തുഹ്ഫത്തു സ്സുവ്വാർ പേജ് :56)ലും ഇമാം അൽമുത്തഖിയ്യുൽ ഹിന്ദീ(റ) തന്റെ(കൻസുൽ ഉമ്മാൽ:12/147)ലും റിപ്പോർട്ട് ചെയ്തു പറയുന്നതായി കാ ണാം.

ഈ ഹദീസ് സ്വീകാര്യ യോഗ്യമായ പരമ്പരയിലൂടെയാണ് ഇമാം ത്വബറാനീ(റ) റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് പുത്തൻവാ ദികൾ അവരുടെ പൂർവ്വനേതാക്കളിൽ നാലാമനായി പരിചയ പ്പെടുത്തിയ ശൗക്കാനി തന്റെ (ദർ,റുസ്സഹാബ ഫീ മനാഖി ബിൽ ഖറാബത്തി വസ്സ്വഹാബ: പേജ്/539)ലും പഠിപ്പിക്കു ന്നതായി കാണാവുന്നതാണ്. ഇങ്ങനെ ധാരാളം ഹദീസിന്റെ ഇമാമുകൾ ഇത് റിപ്പോർട്ട് ചെയ്തു ലോകത്തെ പഠിപ്പിച്ചി ട്ടുണ്ട്. ഈ സംഭവത്തിൽ മഹാനായ നബി(സ്വ) തന്നെ തന്റെ ഹഖ് (മഹത്വം) കൊണ്ടും മറ്റു അമ്പിയാക്കളുടെ ഹഖ് കൊണ്ടും അല്ലാഹുവിലേക്ക് തവസ്സുൽ (ഇടതേട്ടം) നടത്തു കയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള മഹാനായ നബി(സ്വ) യിൽ നിന്നും സ്ഥിരപ്പെട്ട ഒരു കർമ്മത്തിനെതിരിൽ മഹാനായ ഇമാമുൽഅഅ്ളം അബൂഹനീഫ(റ) സംസാരിച്ചുവെന്ന് ധരി ക്കാനും പറയാനും ബുദ്ധി മരവിക്കാത്ത ഒരു മുസ്‌ലിമിനും സാധിക്കുകയില്ല എന്നതാണ് വാസ്തവം. സത്യം ഇതായി രിക്കെ ഇമാം അബൂ ഹനീഫ (റ) വിന്റെ ഒരു വാചകം മഹാൻ ഉദ്ധേശിക്കാത്ത അർത്ഥവും വ്യാഖ്യാനവും നൽകി ജനങ്ങളെ കബളിപ്പിക്കുന്ന പുത്തൻവാദികൾ സമുദായത്തെ വഞ്ചിക്കുക യും ഇമാമുകളെ അപകീർത്തിപ്പെടുത്തുകയുമാണ് ചെയ്യുന്ന തെന്ന് നാം ഓരോരുത്തരും തിരിച്ചറിയണം.

അതോടൊപ്പം പുത്തൻവാദികൾ പറയാത്ത ഒരു ഭാഗവുംകൂടി ഹഖ് കൊണ്ട് ചോദിക്കൽ കറാഹത്താണെന്ന് ഇമാം അബൂഹനീഫ(റ) പറഞ്ഞ വരികളുടെ കൂടെയുണ്ട് ആ

Sunnahclub.in

ഭാഗം മുജാഹിദ്-ജമാഅത്തേ ഇസ്ലാമി പോലുള്ള പുത്തൻ ചിന്താഗതിക്കാരുടെ നെഞ്ചത്ത് തറക്കുന്ന അസ്ത്രമാണ്, അതു കൂടി നമുക്ക് ഇവിടെ ഉദ്ധരിക്കാം. ഇമാം അബൂഹനീഫ(റ) പറയുന്നു:

وَكَذَا يُكْرَهُ أَنْ يَقُولَ فِي دُعَائِهِ: أَسْأَلُكَ بِمَعْقَدِ (وَفِي رِوَايَةٍ:بِمَقْعَدِ) الْعِزِّ مِنْ عَرْشِكَ. وَرُوِيَ عَنْ أَبِي يُوسُفَ أَنَّهُ لاَ بَأْسَ بِذَلِكَ؛ لِوُرُودِ الْحَدِيثِ، وَهُوَ مَا رُوِيَ عَنْ رَسُولِ اللهِ صَلىَّ اللهُ عَلَيْهِ وَسَلَّمَ أَنَّهُ كَانَ يَقُولُ فِي دُعَائِهِ: أَللهم إِنّي أَسْأَلُكَ بِمَعْقَدِ الْعِزِّ مِنْ عَرْشِكَ، -الخ. وَجْهُ ظَاهِرِ الرِّوَايَةِ أَنَّ ظَاهِرَ هَذَا اللَّفْظِ يُوهِمُ التَّشْبِيهِ، لِأَنَّ الْعَرْشَ خَلْقٌ مِنْ خَلاَئِقِ اللهِ تَبَارَكَ وَتَعَالَى فَاسْتَحَالَ أَنْ يَكُونَ عِزُّ اللهِ تَبَارَكَ وَتَعَالَى مَعْقُودًا بِهِ، وَظَاهِرُ الْخَبَرِ الَّذِي هُوَ فِي حَدِّ الْآحَادِ إِذَا كَانَ مُوهِمًا لِلتَّشْبِيهِ، فَالْكَفُّ عَنِ الْعَمَلِ بِهِ أَسْلَمُ. **(بَدَائِعُ الصَّنَائِعِ فِي تَرْتِيبِ الشَّرَائِعِ:504/6) لِلْكَاسَانِي-587هـ**

മഹാൻ പറയുിന്നു:'ഒരാൾ തന്റെ പ്രാർത്ഥനയിൽ ( أَسْأَلُكَ بِمَعْقَدِ(وَفِي رِوَايَةٍ:بِمَقْعَدِ)الْعِزِّ مِنْ عَرْشِكَ) എന്ന് പറയലും കറാഹത്താക്കപ്പെടും, ഈ പ്രാർത്ഥന ഹദീസിൽ വന്ന ദുആ ആയതു കൊണ്ട് കുഴപ്പമില്ലെന്ന് ഇമാം അബൂഹനീഫ(റ) വിന്റെ സഹപാഠിയും ശിഷ്യനുമായ ഇമാം അബൂയൂസുഫ്(റ) പറഞ്ഞിട്ടുണ്ട്. എങ്കിലും ഇമാം അബൂഹനീഫ(റ) അതിനെ വിരോധിക്കുകയാണു ചെയ്യുന്നത്. അതിന്റെ കാരണം മറ്റൊന്നുമല്ല. ആ പ്രയോഗത്തിന്റെ ബാഹ്യതലങ്ങൾ ഒരു സാദൃശ്യപ്പെടുത്തലിനെ തോന്നിപ്പിക്കുന്നുണ്ട്. അതായത് നിശ്ചയം അർശ് അല്ലാഹുവിന്റെ സൃഷ്ടിയാണ്. ആ സൃഷ്ടിയിലേക്ക് അല്ലാഹു ആവശ്യമാകുകയെന്നതും അല്ലാഹുവിന്റെ സ്ഥാനം അർശുമായി ബന്ധിപ്പിക്കപ്പെടുകയെന്നതും മറ്റൊരു റിപ്പോർട്ടിൽ വന്നതനുസരിച്ച് അർശ് അല്ലാഹുവിന്റെ ഇരിപ്പിടമാകുകയെന്നതും ഉണ്ടാവാൻ പാടില്ലാത്ത കാര്യമാണ്. ആയതിനാൽ തന്നെ അത്കൊണ്ട് അമൽ ചെയ്യാതിരിക്കലാണ് ഏറ്റവും രക്ഷ ലഭിക്കുന്ന വഴി. ഇക്കാര്യം ഇമാം കാസാനീ(റ) തന്നെ

തന്റെ(ബദാഇഉസ്സ്വനാഇഅ്:(6/504)ൽ വ്യക്തമാക്കിയതായി കാണാം.

ഇമാം അബൂഹനീഫ(റ) ഈ പ്രാർത്ഥന ഹദീസിൽ വന്നതായിട്ടുപോലും ആ പ്രാർത്ഥനയുടെ ബാഹ്യാർത്ഥം നോക്കി ജനങ്ങൾ അല്ലാഹുവിന്ന് ഇരിപ്പിടമുണ്ടെന്നും. അല്ലാഹുവിന്ന് സൃഷ്ടികളിലേക്ക് ആവശ്യമുണ്ടെന്നും തെറ്റുദ്ധരിക്കുമെന്ന് മനസ്സിലാക്കി അങ്ങിനെ പ്രാർത്ഥനയിൽ കൊണ്ടുവരൽ കറാഹത്താണെന്ന് പഠിപ്പിക്കുകയാണ് ചെയ്യുന്നത്. എന്നല്ല, മഹാനായ ഇമാം അബൂഹനീഫ(റ) തന്റെ വസ്വിയ്യത്തിൽ മൂന്നാമതായി പറയുന്നത്: 'വിശുദ്ധ ഖുർആനിൽ (إِسْتَوَى عَلَى الْعَرْشِ) എന്ന് പറഞ്ഞതിനെ നാം സമ്മതിക്കുന്നു. പക്ഷെ അല്ലാഹു അർശിൽ ഇരിക്കുകയാണെന്നോ അർശിലേക്ക് അല്ലാഹുവിന്ന് ആവശ്യമുണ്ടെന്നോ അതിനർത്ഥമില്ല. അർശിനെ കാക്കുന്നവനും അർശല്ലാത്തതിനെ കാക്കുന്നവനും അല്ലാഹുവാണ്. അല്ലാഹുവിന് അതുകളിലേക്കൊന്നും ഒരാവശ്യവുമില്ല. അങ്ങിനെ അല്ലാഹുവിന് ആവശ്യമുണ്ടായിരുന്നുവെങ്കിൽ അല്ലാഹുവിന് ഈ ലോകത്തെ പടക്കുവാനോ നിയന്ത്രിക്കുവാനോ സൃഷ്ടികളെ പോലെതന്നെ സാധിക്കുമായിരുന്നില്ല, അല്ലാഹുവിന്ന് അർശിൽ ഇരിക്കൽ ആവ ശ്യമായിരുന്നുവെങ്കിൽ അർശ് പടക്കുന്നതിന്ന് മുമ്പ് അല്ലാഹു എവിടെയായിരുന്നുവെന്ന ചോദ്യം ഉടലെടുക്കുകയും ചെയ്യും. അവകളെ തൊട്ടൊക്കെ അല്ലാഹു എത്രയോ മേലെയും ഉന്നതനുമാകുന്നു'. ഇക്കാര്യം ഹിജ്റ: 786.ൽ വഫാത്തായ ഹനഫീമദ്ഹബിലെ പ്രമുഖ ഇമാമുകളിൽപെട്ട ഇമാം അക്മലുദ്ദീൻ മുഹമ്മദ് അൽ ബാബ ർത്തീ(റ) തന്റേ(ശറഹു വസ്വിയ്യത്തിൽ ഇമാം അബൂഹനീഫ:പേജ്/78)ൽ പഠിപ്പിക്കുന്നതായികാണാം. ഇമാം അബൂഹനീഫ(റ) അല്ലാഹുവിന് സ്ഥലത്തിലേക്ക് ആവശ്യമുണ്ടെന്ന് പറയുന്നതിനെ ശക്തമായി വിമർശിക്കുക യും നിഷേധിക്കുകയും ചെയ്യുന്നവരായി

Sunnahclub.in

രുന്നു. എന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. മഹാനിൽ നിന്നും ഇമാമുകൾ ഉദ്ധരിക്കുന്ന വരികൾ മഹാൻ പറഞ്ഞതായി ഇമാമുകൾ രേഖപ്പെടുത്തുന്നു: 'അല്ലാഹു ആകാശത്താണോ ഭൂമിയിലാണോ എന്ന് എനിക്കറിയില്ലാ' എന്ന് ആരെങ്കിലും പറഞ്ഞാൽ അവൻ കാഫിറാണെന്നാണ് ഇമാം അബൂഹനീഫ(റ) പറഞ്ഞിട്ടുള്ളത്. കാരണം ആ വാക്ക് അല്ലാഹുവിന്ന് സ്ഥലത്തിലേക്ക് ആവശ്യമുണ്ടെന്ന് തോന്നിപ്പിക്കുന്നുണ്ടെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ നിലക്ക് അഹ്ലുസ്സുന്നയുടെ ആദർശം തീവ്രമായി പഠിപ്പിച്ച മാഹാനാണ് ഇമാമുൽഅഅ്ളം അബൂഹനീഫ(റ)യെന്ന് നാം മനസ്സിലാക്കണം. എന്നാൽ നമ്മുടെ കേരളത്തിലെ പുത്തനാശയക്കാർ അല്ലാഹു അർശിൽ ഉപവിഷ്ടനാണെന്നും അല്ലാഹു ആകാശത്താണെന്നും അല്ലാഹു എല്ലാ രാത്രിയിലും ഒന്നാം ആകാശത്തിലേക്ക് ഇറങ്ങി വരുമെന്നുമൊക്കെയുള്ള മുജസ്സിമത്തിന്റെ പിഴച്ച വാദം വെച്ചുപുലർത്തുന്നവരാണ്. ആ വാദത്തിനുള്ള ശക്തമായ ഖണ്ഡനമാണ് ഇമാം അബൂ ഹനീഫ(റ)യുടെ വാചകത്തിലുള്ളത്. അല്ലാഹു മഹാന്റെ ഹഖ് ജാഹ് ബറക്കത് കൊണ്ട് നമ്മുടെ ഈമാൻ രക്ഷപ്പെടുത്തുമാറാവട്ടെ-ആമീൻ.

Sunnahclub.in